# ഇ-ചിറകുകൾ



കെ കെ വി എം പി എച്ച് എസ് എസ് ലിറ്റിൽ കൈറ്റ്സ് സ്കൂൾ മാഗസിൻ 2023-24



CHIEF EDITOR




MUHAMMED HANAN

EDITOR



ANUDEV K



MANYUDEV K MANOJ



MUHAMMED RIZWAN



MAYOOKHA



IZZA FATHIMA



MUHAMMED ADNAN



AADISH K



MINHA FATHIMA



AKSHAY K C



# ആശംസ

കെ കെ വി എം പി എച്ച് എസ്
ലിറ്റിൽ കൈറ്റ്സ്
വിദ്യാർത്ഥികൾ സ്കൂൾ
മാഗസിൻ പുറത്തിറക്കുന്നു
എന്നറിഞ്ഞതിൽ ഏറെ
സന്തോഷം...

വിദ്യാഭ്യാസവും വായനയും
ഡിജിറ്റലാകുന്ന ഈ
കാലഘട്ടത്തിൽ ഡിജിറ്റൽ
മാഗസിൻ വളരെ പ്രാധാന്യം
അർഹിക്കുന്ന ഒന്നാണ്...

എല്ലാവിധ ആശംസകളും
നേരുന്നു....

## വിദ്യാലയത്തെക്കുറിച്ച്.....

പാനൂർ പ്രദേശത്തെ സാധാരണക്കാരായ കുട്ടികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം ലഭിക്കുക എന്ന ലക്ഷ്യത്തോടെ ബാസൽ ഇവാഞ്ചലിക്കൽ മിഷൻ 1914 ജൂലൈ 14 ന് മിഡിൽ സ്കൂൾ സ്ഥാപിച്ചു. വളർച്ചയുടെ നിരവധി പടവുകൾ കയറിയതിന്റെ ഭാഗമായി 1953 ജൂൺ 23 ന് പാനൂർ ഹൈസ്കൂൾ സ്ഥാപിതമായി. ഒട്ടേറെ പ്രശസ്തരേയും, പ്രഗൽഭരേയും സൃഷ്ടിച്ച ഈ മഹാ വിദ്യാലയം കേരളത്തിലെ തന്നെ ഏറ്റവും വലിയ വിദ്യാകേന്ദ്രമായി ഉയരാൻ പിന്നീട് ഏറെ കാത്തിരിക്കേണ്ടിവന്നില്ല. കെ.കെ. വേലായുധൻ അടിയോടിയായിരുന്നു ആദ്യത്തെ കറസ്പോണ്ടന്റും, മാനേജറും. പിന്നീട് മാനേജരായി ചുമതലയേറ്റ പി.ആർ. കുറുപ്പിന്റെ കാലത്താണ് സ്കൂളിന്റെ വികസന പ്രവർത്തനത്തിൽ ഒരു കുതിച്ചുചാട്ടമുണ്ടാവുന്നത്. കുട്ടികളുടെ ബാഹുല്യം കാരണം 1990 ൽ കെ കെ വി എം പി എച്ച് എസ് എസ് പാനൂർ,, പി ആർ എം എച്ച് എസ് എസ് പാനൂർ എന്നീ പേരുകളിൽ രണ്ടായി വിഭജിക്കപ്പെട്ടു. ശ്രീമതി പി.കെ. സരളയാണ് രണ്ടു വിദ്യാലയത്തിലെയും നിലവിലുള്ള മാനേജർ.

ഈ വിദ്യാലയത്തിന്റെ മഹത്വവും ചോദനയും അവർണനീയം.... പുതുതലമുറകളിലെ അനേകായിരങ്ങൾക്ക് ജീവിതത്തിൻറ വിവിധ മേഖലകളിൽ ആത്മവിശ്വാസപൂർവ്വം പ്രവർത്തിച്ച് മുന്നേറാനും അതുവഴി വലിയ സാമൂഹ്യ സംഭാവനകൾ നൽകാനുള്ള ഊർജ്ജവും ആവേശവും പകർന്നേകിയ മഹാപ്രസ്ഥാനമാണ് ഈ വിദ്യാലയം.

1992 ൽ പ്ലസ്ടു കോഴ്സ് അനുവദിക്കപ്പെട്ടതോടെ കെ.കെ.വി.എം. പാനൂർ ഹൈസ്കൂൾ, ഹയർ സെക്കൻ്റിയായി ഉയർത്തപ്പെട്ടതോടെ പാനൂരിലെ വിദ്യാഭ്യാസ സാംസ്കാരിക വളർച്ചയ്ക്ക് പുതിയ ഒരു മുന്നേറ്റം കുറിക്കപ്പെട്ടു. എത്രയോ തലമുറകളുടെ ത്യാഗോജ്ജ്വലവും സമർപ്പിതവുമായ പ്രവർത്തനങ്ങളുടെ ഫലമായാണ് ഈ സ്ഥാപനം ഇങ്ങനെ വളർന്നു വന്നത്. എസ്.എസ്.എൽ.സി., പ്ലസ്ടു വിഭാഗങ്ങളിൽ മികച്ച വിജയശതമാനം നിലനിർത്തി വരുന്ന ഈ സ്കൂൾ പാനൂരിന്റെ വിദ്യാഭ്യാസ മണ്ഡലത്തിൽ തലയെടുപ്പോടെ നിലനിൽക്കുന്നു. "വിദ്യാഭ്യാസം സാംസ്കാരിക മുന്നേറ്റത്തിന്" എന്ന വിശാലമായ ലക്ഷ്യം മുൻനിർത്തിയാണ് വിദ്യാലയത്തിലെ അക്കാദമികവും, അക്കാദമികേതരവുമായ പ്രവർത്തനങ്ങൾ രൂപപ്പെടുത്തുന്നത്. ഭൗതികവും അക്കാദമികവുമായ നിലവാരം മെച്ചപ്പെടുത്തി, സാമൂഹികവും പാരിസ്ഥിതികവുമായ പ്രശ്നങ്ങളിൽ ഇടപെട്ട് വിദ്യാർത്ഥികൾക്ക് മികച്ച അക്കാദമിക നിലവാരവും മികച്ച സംസ്കാരവും ഉറപ്പുവരുത്തുക എന്നതാണ് ഈ സ്ഥാപനത്തിന്റെ ലക്ഷ്യം. ആയിരങ്ങൾക്ക് അറിവിന്റെ ജീവിതപ്പീലി നൽകി... ഒരു ദേശത്തിന്റെ യുഗചേതനക്ക് ചിറകും ആകാശവുമായി.... ചരിത്രത്തിന്റെ ചിരസ്മരണകളിരുമ്പുന്ന പാനൂരിന് ദീപവും ദീപ്തിയുമായി ഇന്നും ഈ വിദ്യാലയം വെള്ളിനക്ഷത്രമായി വിരാജിക്കുന്നു.

## താളുകളിലൂടെ.................


1. രാമുവിന്റെ അത്യാഗ്രഹം.........................................
2. വാഴത്തോട്ടത്തിനിടയിലെ മുൾച്ചെടി......................
3. ഗുരുദക്ഷിണ.......................................................
4. സഹായം.............................................................
5. ഉറങ്ങാതെ കാണുന്ന സ്വപ്നം..................................
6. കുങ്കനും കുഞ്ഞനും................................................
7. പ്രവാസി.............................................................
8. സത്യസന്ധത.......................................................
9. പാവപ്പെട്ട കുട്ടി....................................................
10. അധ്വാനം..........................................................
11. നല്ല മനസ്സ്.........................................................
12. ചീരണിപ്പൊതി....................................................
13. വിശപ്പ്...............................................................
14. ഒരു ടൂർണമെന്റ് അപാരത....................................
15. വിശപ്പ്...............................................................
16. പട്ടം.................................................................
17. അയാൾക്ക് ഭ്രാന്തുണ്ടായിരുന്നു.............................
18. വെൺമല............................................................
19. ഏകാന്തതയുടെ തീ നാളം.....................................
20. മിടുക്കിപ്പെണ്ണ്....................................................
21. മടി എന്നൊരു ചതിയൻ........................................
22. അധ്വാനത്തിന്റെ പ്രതിഫലം..................................
23. വിജയത്തിലേക്ക് പോകുന്ന വഴി..........................
25. നിശബ്ദ വിലാപം..................................................
26. വിശപ്പ്..............................................................
27. സ്വപ്നക്കൂടുകളിൽ ഒരു മൗനം..............................
28. പുതുവർഷ സമ്മാനം..........................................
29. വിവേചനം   .......................................................

# രാമുവിന്റെ അത്യാഗ്രഹം



സന ഫാത്തിമ സി കെ

ഈ കഥ നടക്കുന്നത് കർണാടകയിലാണ്. രാമു എന്നാണ് അയാളുടെ പേര്. അദ്ദേഹത്തിന് ഭാര്യയും ഒരു മകളും ഉണ്ടായിരുന്നു. ആ മകൾക്ക് ഒരു വയസ്സ് ആയിരുന്നു. രാമു ഒരു പരിപ്പുവട കച്ചവടക്കാരനാണ്. അവൻ ഒരു തട്ടുകടയിലാണ് പരിപ്പുവട വിൽക്കുന്നത്. അവന്റെ പരിപ്പുവട എല്ലാവർക്കും ഇഷ്ടമായിരുന്നു. അവന്റെ ഭാര്യ ഒരിക്കൽ പറഞ്ഞു. നിങ്ങൾ ചെയ്യുന്നത് ഒന്നും ശരിയല്ല. അപ്പോൾ രാമു പറഞ്ഞു. ഞാൻ ചെയ്യുന്നതിൽ എന്താണ് തെറ്റ്? എന്താണ് തെറ്റെന്ന് ഞാൻ പറയണോ. നിങ്ങൾ എപ്പോഴും ജനങ്ങളെ പറ്റിക്കുന്നില്ലേ. നിങ്ങൾ എപ്പോഴും കക്ഷത്ത് വെച്ച് അല്ലെ പരിപ്പുവട ഉണ്ടാക്കുന്നത്. രാമു പറഞ്ഞു. ഞാൻ ചെയ്യുന്നതിൽ ഒരു തെറ്റും ഇല്ല. നീ ഒന്ന് പോയേ. ഭാര്യ പറഞ്ഞു. ഏത് തെറ്റ് ചെയ്തതാലും ഒരു ദിവസം പിടിക്കപ്പെടും. രാമുവിന് കാശ് മാത്രം മതിയായിരുന്നു. ഒരു ദിവസം രാമു കക്ഷത്ത് വെച്ച് പരിപ്പുവട ചുടുമ്പോൾ കുറച്ച്



ദൂരെ നിന്ന് രാമുവിന്റെ കസ്റ്റമർ ആയിരുന്ന രവി കണ്ടു. രവി വേഗം ഫോൺ എടുത്ത് വീഡിയോ എടുത്തു. എന്നിട്ട് മറ്റൊരാൾക്ക് അയച്ചുകൊടുത്തു. എന്നിട്ട് രവി പോയി രാമുവിനോട് പറഞ്ഞു. നിങ്ങൾ എത്ര വലിയ തെറ്റാണ് ചെയ്യുന്നത്. അത് ഒരു ഭക്ഷണം അല്ലേ. നിങ്ങൾ കക്ഷത്ത് വെച്ച് അത് എല്ലാവർക്കും കൊടുത്താൽ അവർക്ക് എന്തെങ്കിലും അസുഖം വന്നാൽ എന്ത് ചെയ്യും? രാമു പറഞ്ഞു, ഞാൻ അത് ഒന്നും ചെയ്തിട്ടില്ല. കള്ളം പറയരുത്. രവി പറഞ്ഞു എന്റെ അടുത്ത് തെളിവുണ്ട്. അപ്പോഴേക്കും എല്ലാവരുടെയും കയ്യിലേക്ക് വീഡിയോ എത്തിയിരുന്നു. എല്ലാവരുംകൂടി രാമുവിനെ വളഞ്ഞ് ചോദ്യം ചെയ്തു. അവൻ എല്ലാംപറഞ്ഞ് മാപ്പ് ചോദിച്ചു. പക്ഷെ അവർ രാമുവിന് മാപ്പ് കൊടുക്കാൻ തയ്യാറല്ലായിരുന്നു. രാമുവിന്റെ ഭാര്യ അവരുടെ കാലിൽ വീണ് യാചിച്ചു. അവർ മാപ്പ് കൊടുത്തു. അങ്ങനെ അവർ നാടുവിട്ടു പോയി. ഇപ്പോൾ രാമു വേറെ നാട്ടിൽ പരിപ്പുവട വിൽക്കുകയാണ്. ഇപ്പോൾ രാമു പറയുന്നു, ആ നേരത്ത് എന്റെ അത്യാഗ്രഹം കാരണം എനിക്ക് പറ്റിയ തെറ്റാണ്. ഇപ്പോൾ രാമു നല്ല നിലയിൽ കച്ചവടം കൊണ്ടുപോകുന്നു.



# വാഴത്തോട്ടത്തിനിടയിലെ മുൾച്ചെടി



ജിൽന രാജ് ആർ

ഞങ്ങളുടെ ഇടയിലെ അവളുടെ വരവ് പെട്ടെന്നായിരുന്നു. ഞങ്ങൾ കുലക്കുമ്പോഴേക്കും അവൾ ഞങ്ങളെ അത്രയായി., ഞങ്ങടെ മുതലാളി എത്ര പ്രാവശ്യം വെട്ടിയാലും അത് വീണ്ടും വളർന്നുകൊണ്ടേയിരുന്നു. ഞങ്ങളുടെ കൂട്ടത്തിൽ മൂത്ത ചേട്ടൻ വാഴ ചോദിച്ചു. നീ എന്തിനാ ഞങ്ങളുടെ ഇടയിൽ വന്നത്. മുൾച്ചെടിയാകെ പേടിച്ചു. എന്നിട്ട് പറയാ... എനിക്കറിയാം എന്റെ ഈ ജന്മം എല്ലാവർക്കും ഉപദ്രവിക്കപ്പെടും എന്ന്. അതുകൊണ്ട് നിങ്ങളുടെ മുതലാളി ചേട്ടനോട് പറ എന്നെ വേരോടെ പറിച്ചുകളയാൻ. അപ്പോ ചേട്ടൻ പറഞ്ഞു: 'അയ്യോ. അങ്ങനെയൊന്നും പറയല്ലേ.. നിന്റെ ഈ ജന്മം നീ ചോദിച്ചു വാങ്ങിയതല്ലല്ലോ. ഞങ്ങളെ തന്നെ കണ്ടില്ലേ... ഞങ്ങളുടെ കായും കാമ്പും ഒക്കെ എടുത്ത് അവർ സ്ഥലം വിടും. പിന്നെ ഞങ്ങളോ... ഒരു മൂലക്ക് ആയിരിക്കും. അതുകൊണ്ട് അങ്ങനെയൊന്നും പറയാതെ.' ഞങ്ങൾ അവളെ ആശ്വസിപ്പിച്ചു. അവൾക്ക് സന്തോഷമായി. ഇങ്ങനത്തെ ഒരു സൗഹൃദം അവൾക്ക് ഇപ്പോൾ ആവശ്യമാണ് എന്നും പറഞ്ഞു. അങ്ങനെ മുതലാളി ചേട്ടനെ നാലഞ്ചു ദിവസമായി കണ്ടതേയില്ല.. തോട്ടത്തിൽ ഞങ്ങളോ... വെള്ളം കിട്ടാതെ ക്ഷീണിക്കും. പക്ഷെ മുൾച്ചെടിക്കോ... ഒരു മാറ്റവും ഇല്ല. അത് തഴച്ചുവളർന്നു. അതിൻ്റെ മുള്ള് മറ്റുള്ള വാഴകൾക്ക് ബുദ്ധിമുട്ട് ആയി മാറി. പിന്നീട് നീണ്ടനാളുകൾക്ക് ശേഷം ചേട്ടൻ വന്നു. മുൾച്ചെടിയുടെ വളർച്ച കണ്ട് മുതലാളി ചേട്ടൻ അതിനെ കണ്ടംതുണ്ടമാക്കി മാറ്റി... ഞങ്ങളോ... ഒന്നും പറയാനാകാതെ നിശബ്ദരായി നിന്നു. സങ്കടം സഹിക്കാനാകാതെ വാഴ ചേട്ടൻ പറഞ്ഞു: "മനുഷ്യരുടെ വിചാരം അവർക്ക് മാത്രമേ സ്നേഹവും ബന്ധവും ഉള്ളൂ എന്നാണ്. അവൾ നമ്മുടെ ഇടയിലെ ഒരു കുഞ്ഞുപെങ്ങളായി മാറിയതല്ലേ.." നാളുകൾ കടന്നുപോകുമ്പോഴും അവൾ ഞങ്ങൾക്കിടയിലെ ഒരു മുറിവായി മാറിക്കൊണ്ടിരുന്നു.

# ഗുരുദക്ഷിണ

ഒരു ആയിരം രൂപ തരോ ടീച്ചറെ? ക്ലാസിലെ ഏറ്റവും ഉഴപ്പനായ കുട്ടി. തന്നെ ബഹുമാനിക്കാത്തവൻ. വല്ലപ്പോഴും മാത്രം ക്ലാസിൽ വരുന്നവൻ... ഇവൻ എന്തിനാണ് എന്നോട് പൈസ വാങ്ങുന്നത്.... കൊടുക്കരുത് ടീച്ചറേ... പിന്നെ ഇവൻ ക്ലാസിലേക്ക് വരില്ല. ടീച്ചർക്ക് ആ പൈസേം കിട്ടില്ല. അവന്റെ ആവശ്യം കേട്ടുകൊണ്ട് വന്ന രാധ ടീച്ചർ പറഞ്ഞു. അവൻ ദയനീയമായി എന്നെ നോക്കി. ഉറപ്പായും തരും ടീച്ചറെ... വേറാരുമില്ല സഹായിക്കാൻ... അവൻ വീണ്ടും അപേക്ഷിച്ചു. എന്തിനാ ഏതിനാണെന്നൊന്നും ചോദിച്ചില്ല. ഞാൻ ബാഗിൽ നിന്നും പൈസ എടുത്തു കൊടുത്തു. തരും ടീച്ചറേ.. ഈ പൈസ ഞാൻ ഉറപ്പായും തരും. അവൻ അതും പറഞ്ഞ് ഓടി. ദിവസങ്ങൾ കടന്നുപോയി. അവൻ ഇതുവരെ ക്ലാസിൽ വന്നിട്ടില്ല. ഇനി അവൻ പറ്റിച്ചതായിരിക്കുമോ ? എന്തിനാ പൈസ എന്നെങ്കിലും ചോദിക്കാമായിരുന്നു തനിക്ക്. സാരമില്ല ഞാൻ സ്വയം ആശ്വസിച്ചു. പിന്നീട് ഒരു ദിവസം വഴിയിൽ വെച്ച് ഞാൻ അവനെ കണ്ടു. ചുമടെടുപ്പിൽ ഏർപ്പെട്ടിരിക്കുകയായിരുന്നു അവൻ. ഞാൻ അവനെ നോക്കുന്നത് അവൻ കണ്ടതുകൊണ്ടാവാം മുഖത്തൊരു ചിരി വരുത്തി എന്റെ അടുത്തേക്ക് അവൻ വന്നു. ടീച്ചറെന്താ ഇവിടെ. എന്നെ അന്വേഷിച്ച് ഇറങ്ങിയതാണോ? നാളത്തെ പണിക്കുടെ കഴിഞ്ഞാൽ പൈസ കിട്ടും. കിട്ട്യാ ഉടനെ ടീച്ചറിൻ്റെ പൈസ തരാം. വൈകിപ്പിച്ചതിന് ക്ഷമിക്കണം. എന്ത് പറയണം എന്നറിയാതെ ഞാൻ നിന്നു. വിഷ്ണു എന്താ ക്ലാസിൽ വരാത്തെ. അല്പ സമയത്തെ മൗനത്തിനുശേഷം ഞാൻ ചോദിച്ചു. ഓ ഇനി വരണില്ല ടീച്ചറെ. വീട്ടിൽ പെങ്ങളൊറ്റയ്ക്കാ.. അന്ന് അമ്മയ്ക്ക് സുഖമില്ലാത്തോണ്ടാ ടീച്ചറോട് പൈസ വാങ്ങിച്ചത്. പക്ഷേ.... അമ്മ പോയി. രക്ഷപ്പെടുംന്ന് പ്രതീക്ഷ ഒന്നും ഉണ്ടായില്ല. എന്നാലും ആ കിടപ്പ് കണ്ടപ്പോ സഹിച്ചില്ല. ടീച്ചറെ അറിയാവുന്നിടത്തൊക്കെ കൈനീട്ടി ആരും സഹായിച്ചില്ല. പിന്നെ ടിച്ചറുതന്ന പൈസേം കൊണ്ട് ആശൂപത്രിയിൽ എത്തുമ്പോഴേക്കും പോയി.. ഞങ്ങളെ ഒറ്റയ്ക്കാക്കി... പറയുമ്പോൾ അവൻ്റെ ശബ്ദം ഇടറി. അവനോടെന്ത് പറയണമെന്നറിയാതെ ഞാൻ നിസ്സഹയായി നിന്നു.

ഒരു കടയിൽ ജോലിക്ക് നിക്കണണ്ട് ടീച്ചറെ. പെങ്ങളെ കഷ്ടപ്പെടുത്താണ്ട് നോക്കണം. അതിനെനിക്ക് ആ ജോലി തന്നെ ധാരാളം.



സായിദാസ്

പിന്നെ ഇതുപോലെ ചില ജോലികൾ. അവൻ അത് പറയുമ്പോൾ പ്രായത്തിൽ കവിഞ്ഞ പക്വത അവന്റെ മുഖത്തുണ്ടായിരുന്നു. വിഷ്ണു പഠിക്കണം. ഞാൻ അത്രേം പറഞ്ഞപ്പോൾ അവൻ അത്ഭുതത്തോടെ എന്റെ മുഖത്തേക്ക് നോക്കി. അതൊന്നും നടക്കില്ല ടീച്ചറേ. ന്താ.... നടക്കാത്തെ.. നടത്തണം.

വിഷ്ണു നാളെ വൈകിട്ട് വാ. മിസ്സായ പോഷൻസ് ഞാൻ പറഞ്ഞുതരാം. കഴിവില്ലാത്ത കുട്ടിയൊന്നുമല്ല താൻ. പഠിക്കണം ഉയർന്ന മാർക്കോടെ തന്നെ പാസാകണം. അത്രേം പറഞ്ഞു മറുപടിക്ക് നിൽക്കാതെ ഞാൻ തിരിഞ്ഞുനടന്നു. പിറ്റേന്ന് ഞാൻ പറഞ്ഞതുപോലെ അവൻ വീട്ടിലെത്തി. ടീച്ചറെന്തിനാണെനിക്ക് വേണ്ടി ബുദ്ധിമുട്ടുന്നത്. ബുദ്ധിമുട്ടോ.... എന്താടാ പറഞ്ഞേ... അറിവ് പകർന്ന് കൊടുക്കണത് ഒരു അദ്ധ്യാപികയുടെ കടമയാണ് വിഷ്ണു അങ്ങനെ ഒന്നും ചിന്തിക്കരുത്. പഠിച്ച് ഉയർന്ന നിലയിൽ എത്തണം. ആഗ്രഹമുണ്ട് ടീച്ചറെ. പക്ഷേ സാഹചര്യം.... അതോണ്ടാ... പഠിത്തം വേണ്ടെന്ന് വെച്ചത്. ടീച്ചർ പറഞ്ഞപ്പോൾ എന്തോ... ആരൊക്കെയോ സഹായിക്കാൻ ഉണ്ടെന്ന ഒരു തോന്നൽ. വിഷ്ണുനെ കൊണ്ട് പറ്റും. പഠിച്ച് നല്ല നിലയിൽ എത്തണം. അതായിരിക്കണം എനിക്ക് തരുന്ന ഗുരുദക്ഷിണ. അങ്ങനെ പഠനം ആരംഭിച്ചു. വളരെ പെട്ടെന്ന് തന്നെ അവൻ പാഠഭാഗങ്ങൾ മനസ്സിലാക്കിയെടുത്തു. പരീക്ഷയിൽ എല്ലാവരെയും പിന്തള്ളി ഉയർന്ന മാർക്കോടെ തന്നെ അവൻ വിജയിച്ചു. എന്റെ പ്രിയപ്പെട്ട ശിഷ്യനായി മാറി അവൻ. ഞാൻ അവന്റെ പ്രിയപ്പെട്ട ടീച്ചറമ്മയും. അങ്ങനെയിരിക്കെയാണ് വിദേശത്തുള്ള ഭർത്താവിന്റെ നിർബന്ധപ്രകാരം ഞാനും മകളും വിദേശത്തേക്ക് പോകാൻ തീരുമാനിച്ചത്. വിവരം അറിഞ്ഞ് വിഷ്ണു ഓടിവന്നു. ടീച്ചറമ്മയും എന്നെ തനിച്ചാക്കി പോവുകയാണോ..? പോകാതെ പറ്റില്ല. വിഷ്ണു ഒരിക്കലും തനിച്ചാവില്ല. എന്റെ പ്രാർത്ഥന എന്നും കൂടെ ഉണ്ടാവും. നന്നായി പഠിക്കണട്ടോ? വേറൊന്നും എനിക്ക്പറയാനുണ്ടായിരുന്നില്ല അവനോട്. ആ കണ്ണുകൾ നിറയുന്നത് ഞാൻ കണ്ടിരുന്നെങ്കിലും അവനോട് പറയാൻ വാക്കുകൾ ഇല്ലായിരുന്നു.

അവന്റെ പഠനാവശ്യങ്ങൾക്കായി ഞാൻ എന്റെ കൂട്ടുകാരിയുടെ കൈയിൽ കുറച്ച് പണം കൊടുത്തു. അവന്റെ കാര്യങ്ങൾ നോക്കാനും ഏൽപ്പിച്ചു. വർഷങ്ങൾ കടന്നുപോയി. ഭർത്താവിന്റെ വിയോഗം ജീവിതം പാടെ മാറ്റിമറിച്ചു. കഷ്ടപ്പാടറിയിക്കാതെ വളർത്തി വലുതാക്കി. മക്കൾക്ക് താനൊരു ഭാരമായി. അമ്മയെ ആരുനോക്കും എന്ന കാര്യത്തിൽ മക്കൾ തമ്മിൽ കലഹങ്ങൾ വർദ്ധിച്ചു. അവസാനം തീരുമാനമായി അമ്മയെ നാട്ടിലുള്ള വൃദ്ധസദനത്തിലാക്കുക. ഒരു കണക്കിന് സന്തോഷമായി. പിറന്ന മണ്ണിൽ തന്നെ കിടന്നു മരിക്കാലോ. എതിർത്തൊന്നും പറഞ്ഞില്ല. മക്കളുടെ തീരുമാനം അനുസരിച്ചു. വർഷങ്ങൾക്ക് ശേഷം നാട്ടിൽ തിരിച്ചെത്തി. എന്നെപ്പോലെ ഒരുപാട് അമ്മമാരുണ്ടായിരുന്നു. അവിടെ അവർക്കൊക്കെ പറയാൻ ഒരുപാട് കഥകളുണ്ട്. അങ്ങനെ കൊച്ചുകൊച്ചു സന്തോഷങ്ങളുമായി ഞാൻ അവിടെ കഴിഞ്ഞു. മീര ടീച്ചർക്ക് ഒരു വിസിറ്റർ ഉണ്ട്. പെട്ടെന്ന് ഒരു ദിവസം അമ്മു വന്നു പറഞ്ഞു. ആരാന്നറിയാൻ ഞാൻ അവളുടെ കൂടെ ചെന്നു. ടീച്ചറമ്മേ... വിഷ്ണു... മോനേ... ടീച്ചറമ്മേടെ വിഷ്ണു ഇപ്പോൾ ഡോക്ടർ വിഷ്ണുവാ.. സന്തോഷം കൊണ്ടാവണം എന്റെ കണ്ണ് നിറഞ്ഞു. ടീച്ചറമ്മ കരയുവാണോ... അവൻ എന്റെ അടുത്തേക്ക് വന്നു. സന്തോഷം കൊണ്ടാ മോനെ. മരിക്കുന്നതിന് മുമ്പ് ന്റെ കുഞ്ഞിനെ നല്ലനിലയിൽ കാണാനായല്ലോ. ഞാൻ അവന്റെ നെറുകിൽ തലോടി. ഞാൻ വന്നത് ടീച്ചറമ്മയെ കൊണ്ടു പോകുവാനാ. ടീച്ചറമ്മ കഴിയേണ്ടത് ഇവിടെയല്ല. അനാഥത്വത്തിന്റെ നടുവിൽ വളർന്ന് ഒരമ്മയ്ക്ക് നൽകേണ്ട മുഴുവൻ സ്നേഹവും കരുതിവെച്ച് എന്റെ ഭാര്യ കാത്തിരിപ്പുണ്ട്. മോനേ.... എന്റെ കണ്ണുകൾ നിറഞ്ഞൊഴുകി. ഇനി അമ്മയ്ക്ക് ഈ മകൻ ഉള്ളിടത്തോളം ആ കണ്ണുകൾ നിറയരുത്. അവൻ എന്റെ കൈയിൽ മുറുകെ പിടിച്ചു. അമ്മയ്ക്ക് നൽകാൻ കരുതിവെച്ച സ്നേഹം മുഴുവൻ അവന്റെ കണ്ണുകളിൽ ഉണ്ടായിരുന്നു.

# സഹായം

ഒരു ഗ്രാമം. ആ ഗ്രാമത്തിൽ അഭിനവ് എന്ന് പറയുന്ന ഒരു കുട്ടിയുണ്ടായിരുന്നു. അവന് അമ്മ, അച്ഛൻ പിന്നെ ഒരു കുഞ്ഞുപെങ്ങൾ. അവളുടെ പേര് മീനാക്ഷി. അഭിനവ് പഠിക്കുന്നത് രണ്ടാം ക്ലാസിലാണ്. നല്ല കുട്ടിയാണ് അഭിനവ്.

ഒരു ദിവസം സ്കൂളിൽ പോയപ്പോൾ അവന്റെ മാഷ് പാഠം എടുക്കുമ്പോൾ ഒരു കഥ പറഞ്ഞുകൊടുത്തു. അതിൽ മാഷ് വൃദ്ധരെ സഹായിക്കണം. അവരെ ബഹുമാനിക്കണം എന്നൊക്കെ പറഞ്ഞുകൊടുത്തു. അപ്പോൾ അവന് അവൻെറ നാട്ടിലുണ്ടായ ഒരു അപ്പൂപ്പനെ ഓർമ്മ വന്നു. അവിടുത്തെ കുട്ടികൾ ആ അപ്പൂപ്പനെ ഭ്രാന്തൻ എന്ന് വിളിച്ച് കളിയാക്കും.



അപ്പോൾ മുതൽ അവന് ആ അപ്പൂപ്പനെ സഹായിക്കണം എന്ന് വിചാരിച്ചു. അന്ന് അവൻ ഉച്ചയ്ക്ക് ഭക്ഷണം കഴിച്ചില്ല. അവൻ ആ ഭക്ഷണം അങ്ങനെ ടിപ്പിയിൽ തന്നെ വെച്ചു. എന്നിട്ട് സ്കൂൾ വിട്ടതിനുശേഷം അഭിനവ് കൂട്ടുകാരോടൊപ്പം നടന്ന് വീട്ടിലേയ്ക്ക് പോകുമ്പോൾ അങ്ങ് ദൂരെ അപ്പൂപ്പൻ ഇരിക്കുന്നത് കണ്ടപ്പോൾ അവൻ തൊട്ടുപിന്നിലായിപ്പോയി. അവൻ അങ്ങനെ തൊട്ടുപിന്നിൽ ആകാനുള്ള കാരണം. അവൻ ഭക്ഷണം കൊടക്കുന്നത് കണ്ടാൽ അവനെ കൂട്ടുകാർ അപമാനിക്കും എന്ന് വിചാരിച്ചാണ്. എന്നിട്ട് അവൻ അപ്പൂപ്പന്റെ അടുത്ത് എത്തി. അപ്പോൾ അപ്പൂപ്പൻ ഭക്ഷണത്തിന്റെ വേസ്റ്റ് ഇടുന്ന സ്ഥലത്ത് അവിടെ ബാക്കിവന്ന ഭക്ഷണം തുടച്ച് എടുക്കുന്നത് കണ്ടു.

അഭിനവ് ഓടിവന്ന് അവന്റെ ടിപ്പിയിൽ നിന്ന് ഭക്ഷണം എടുത്ത് അപ്പൂപ്പന്റെ കൈയ്യിൽ കൊടുത്തു. അപ്പൂപ്പൻ അത്ഭുതപ്പെട്ടു. അവൻ വീട്ടിൽ ചെന്ന് അവന്റെ കുഞ്ഞുപെങ്ങളോട് കളിച്ചുകൊണ്ടിരുന്നു. അവന്റെ അച്ഛൻ ഫോൺ വിളിച്ചു. അവൻ ഓടി ചെന്ന് ഫോൺ എടുത്തു.

അച്ഛൻ അഭിനവിനോട് പറഞ്ഞു: നീ ഈ വരുന്ന ക്രിസ്റ്റുമസ് പരിക്ഷയിൽ നല്ലവണ്ണം മാർക്ക് വാങ്ങിച്ചാൽ ഞാൻ കുട വാങ്ങിച്ച് തരാം എന്ന് പറഞ്ഞു. ക്രിസ്തുമസ് ലീവിൽ ഞാൻ വീട്ടിലേക്ക് വരും. എന്നിട്ട് നമുക്ക് ട്രിപ്പ് പോകാം എന്ന് പറഞ്ഞിട്ട് അവന്റെ അച്ഛൻ ഫോൺ കട്ട് ചെയ്തു.

അവൻ പരീക്ഷയ്ക്ക് പഠിച്ചു. എന്നിട്ട് സ്കൂളിൽ പോയി. അപ്പോൾ അവന് ഒന്ന് ഓർമ്മ വന്നു.



നൗഷിറ കെ എൻ

അപ്പൂപ്പന് ഇനി എന്നും ഭക്ഷണം കൊടുക്കാൻ കഴിയില്ലല്ലോ എന്ന് അവൻ ചിന്തിച്ചു.

അവന്റെ പരീക്ഷയെല്ലാം കഴിഞ്ഞ് ലീവ് കിട്ടി. അവൻ ഭക്ഷണം കഴിക്കുമ്പോൾ അമ്മ കുളിക്കാൻ വേണ്ടി പോയപ്പോൾ അവന്റെ ടിപ്പിയിൽ ഭക്ഷണം നിറച്ചു. അവൻ അപ്പൂപ്പന് ഭക്ഷണം കൊടുത്ത് വന്നു. അവൻ ആ ടിപ്പി അവന്റെ ബാഗിൽ തന്നെ വച്ചു.

അവൻ മീനാക്ഷിയോടൊപ്പം കളിക്കുമ്പോൾ അവന്റെ അമ്മ വിളിച്ചു. അവൻ ഓടിച്ചെന്നു. എന്താ അമ്മാ.... അമ്മ പറഞ്ഞു: നിന്റെ ബാഗിൽ എങ്ങനെ ടിപ്പി എത്തി. നീ ഭക്ഷണം കൊണ്ടുവരാത്ത കുട്ടിക്ക് കൊടുത്തതാണോ? അവൻ ആ കാര്യം അമ്മയിൽ നിന്ന് മറച്ചു.

അച്ഛൻ വിദേശത്ത് നിന്ന് വന്നു. അവന് പുള്ളിക്കുട, പുള്ളിപുതപ്പ്, പെൻസിൽ, പേന ഇവയെല്ലാം കൊണ്ടുവന്നു. അവർ എല്ലാവരും ട്രിപ്പ് അടിച്ച് പൊളിച്ചു. സ്കൂൾ തുറക്കാൻ ആയപ്പോൾ അവന്റെ അച്ഛൻ വിദേശത്ത് പോയി.

സ്കൂൾ തുറന്നു. നല്ല മഴക്കാലമായിരുന്നു. അവന്റെ അച്ഛൻ മേടിച്ച് തന്ന കുട തുറന്ന് പോകാൻ നല്ല ആഗ്രഹം ഉണ്ടായി. അവൻ സ്കൂളിൽ പോകുമ്പോൾ ടിഫിനിൽ ഭക്ഷണം എടുത്തു. അപ്പൂപ്പന് കൊടുത്തു.

സ്കൂൾ വിട്ട് വരുമ്പോൾ മഴ പെയ്തു. അവൻ കുടയിൽ കളിച്ചു. അവന് സന്തോഷമായി. അന്ന് നല്ല തണുപ്പ് ആയതുകൊണ്ട് അവൻ പുതപ്പ് മൂടി കിടന്നു. അപ്പൂപ്പനെ ഓർമ്മ വന്നപ്പോൾ അവന് ഉറക്കം വരുന്നില്ല. മെല്ലെ മെല്ലെ എഴുന്നേറ്റ് അമ്മ ഉറങ്ങിയോ എന്ന് നോക്കി. അമ്മ ഉറങ്ങി എന്ന് അറിഞ്ഞപ്പോൾ അവൻ മെല്ലെ ഭക്ഷണം എടുത്ത് കുടയും എടുത്ത് നടന്നു. നടക്കുമ്പോൾ റോഡിൽ മുഴുവൻ വെള്ളം ആയതുകൊണ്ട് അവൻ മുഴുവനായി നനഞ്ഞു. അവൻ പേടിച്ച് നടന്നു. അപ്പൂപ്പന് ഭക്ഷണം കൊടുത്തു.

വീട്ടിൽ അമ്മ എഴുന്നേറ്റ് വാതിൽ തുറന്നത് കണ്ടു. അഭിനവിന്റെ മുറി നോക്കിയപ്പോൾ അഭിനവിന്റെ ബെഡ്ഡിൽ ആരും ഇല്ലാതെ കാലിയാണ്. അമ്മ അഭിനേ.... അഭിനേ... എന്ന് വിളിച്ചു. പക്ഷെ അവനെ കാണുന്നില്ല. അമ്മക്ക് സങ്കടമായി. അയൽവാസിയെ വിളിച്ചു. അയൽവാസികൾ ഒരു വിളക്കും കൊണ്ട് തിരയാൻ പോയി.

അഭിൻ നടന്നുവരുന്നതിനിടയിൽ അവന്റെ കുട വെള്ളത്തിൽ ഒലിച്ചു പോയി. അവൻ ആ കുട ഉപേക്ഷിച്ചു വന്നു.

നടക്കുമ്പോൾ എന്തിന്റെയോ വെളിച്ചം അടുത്ത് അടുത്ത് എത്തുന്നത് കണ്ട് അവൻ ഭയപ്പെട്ടു. എന്നാൽ ആ വന്ന ആളുകൾ അഭിനവിനെ കൂട്ടിക്കൊണ്ടുപോയി. അവന്റെ അമ്മ അവനെ കുളിപ്പിച്ചു. വൃത്തിയാക്കി. അവൻ ഉറങ്ങി.

രാവിലെ ആയപ്പോൾ അവൻ അമ്മയോട് ചോദിച്ചു. അമ്മ നിങ്ങൾക്ക് വിഷമമായോ എന്ന് ചോദിച്ചു. അമ്മ പറഞ്ഞു: ആ അഭിനവേ.. നീ എവിടെപോയതാണ്. ഞാൻ എല്ലാം അറിഞ്ഞു. അപ്പോൾ തന്നെ നാട്ടുകാർ അത് ന്യൂസ് പേപ്പറിൽ വിവരം അറിയിച്ചു. അങ്ങനെ അവന്റെ സ്കൂൾ മാനേജർ അവന് സമ്മാനം കൊടുത്തു. പ്രോത്സാഹിപ്പിച്ചു. അവന്റെ അമ്മയ്ക്ക് നല്ല സന്തോഷമായി.

# ഉറങ്ങാതെ കാണുന്ന സ്വപ്നം



മുർഷിദ എൻ.പി.

ഒരിക്കൽ ഒരു പ്രദേശത്ത് ഒരു ചെറിയ വീട്ടിൽ ഒരു അച്ഛനും അമ്മയും ഒരു മകനും ജീവിച്ചിരുന്നു. അവർ വളരെ സന്തുഷ്ടമായ ജീവിതം നയിച്ചുവരികയായിരുന്നു. അവരുടെ മകൾക്ക് ഒരു സ്വഭാവമുണ്ടായിരുന്നു. അവൾ ഉറങ്ങാതെ തന്നെ സ്വപ്നം കാണുമായിരുന്നു. ഒരു ദിവസം അവൾ ഇങ്ങനെ വെറുതെ ഇരിക്കുകയായിരുന്നു. അപ്പോൾ അവളുടെ അച്ഛൻ അവളുടെ അടുത്തേക്ക് വന്നു. അന്നാ.... എന്ന് വിളിച്ചു. അവളൊന്നും കേട്ടിട്ടില്ലായിരുന്നു. അച്ഛൻ അവളുടെ അടുത്തേക്ക് വന്നു. അന്നാ.. എന്ന് വിളിച്ചു. അവൾ ഒന്നും മിണ്ടിയില്ല. അച്ഛൻ അവളെ മോളേ... എന്ന് പറഞ്ഞുകൊണ്ട് തൊട്ടുവിളിച്ചു. അപ്പോഴാണ് അവൾ ഞെട്ടിയത്. അപ്പോൾ അവൾ ചോദിച്ചു. എന്താ അച്ഛാ.. എന്ന്. അച്ഛൻ പറഞ്ഞു. എത്രനേരമായി ഞാൻ നിന്നെ വിളിക്കുന്നു. നീ എന്താ ഉറങ്ങാതെ സ്വപ്നം കാണുകയാണോ. അവൾ ഒന്നും പറയാതെ നാണിച്ച് നിന്നു. അപ്പോൾ അച്ഛൻ പറഞ്ഞു. അല്ല മോളേ നീ എന്താണ് ആലോചിക്കുന്നത്. അവൾ പറഞ്ഞു. ഞാൻ ഈ ലോകത്തിലെ സകല ജീവജാലങ്ങളെയും ഒരു വലിയ കൊടുങ്കാറ്റിൽ നിന്ന് രക്ഷിക്കുന്നതായിട്ടാണ് ആലോചിച്ചത്. അപ്പോൾ നിനക്ക് അതെല്ലാം ചെയ്യാൻ കഴിയുമോ. അവൾ പറഞ്ഞു. ഞാൻ വലിയ ആളായാൽ ഇങ്ങനെ ചെയ്തുകൊണ്ട് എല്ലാവരെയും രക്ഷിക്കും. അച്ഛൻ പറഞ്ഞു. മിടുക്കി കുട്ടി.

നിന്നെപ്പോലെ ഉള്ള ചിന്ത ഇവിടെയുള്ള എല്ലാ കുട്ടികൾക്കും വരട്ടെ എന്നും പറഞ്ഞ് കൊണ്ട് അച്ഛൻ ജോലിക്കിറങ്ങി. അവൾ പിന്നെയും തന്റെ ആലോചനയിൽ തന്നെ മുഴുകി. കുറച്ച് നേരം കഴിഞ്ഞപ്പോൾ അവളുടെ അമ്മ വന്നു. എന്നിട്ട് പറഞ്ഞു:

നീ ഇവിടെ എന്തെടുക്കുവായിരുന്നു...

വേഗം ഇങ്ങോട്ട് വരൂ... ഇതും അവൾ കേട്ടിട്ടില്ലായിരുന്നു. അമ്മ അവളുടെ അടുത്തേക്ക് വന്നിട്ട് പറഞ്ഞു. അന്നാ നീ എന്താ ഈ ചെയ്യുന്നത്. അമ്മ അവളുടെ ദേഹത്തേക്ക് ഒന്ന് തൊട്ടുനോക്കി. അവൾ പെട്ടെന്ന് ഞെട്ടി. അവൾ അച്ഛനോട് പറഞ്ഞതുപോലെ അമ്മയോടും പറഞ്ഞു. പക്ഷെ അച്ഛൻ പറഞ്ഞതുപോലെയുള്ള ഉത്തരമല്ല അമ്മ പറഞ്ഞത്. അമ്മ പറഞ്ഞു മോളെ വെറും സ്വപ്നം കണ്ടാൽ മാത്രം പോര. നമ്മൾ വലുതായാൽ അത് സാക്ഷാത്കരിക്കുകയും വേണം. പിന്നീട് അന്നമോൾ വലുതായപ്പോൾ ഇതുപോലെ നാട്ടിലെ ഒരു നായിക ആവുകയും ചെയ്തു.

# കുങ്കനും കുഞ്ഞനും



ഫാത്തിമ സി.സി.

ഒരിടത്ത് കുങ്കൻ എന്ന് പറയുന്ന ഒരു പൂച്ചയും കുഞ്ഞൻ എന്ന് പറയുന്ന ഒരു തത്തയും താമസിച്ചിരുന്നു. അവർ രണ്ടുപേരും ചങ്ങാതിമാരാണ്. അവർ എന്നും അടുത്തുള്ള പുഴയോരത്ത് വന്നിരിക്കും. കാറ്റുംകൊണ്ടിരിക്കാൻ നല്ല സുഖമാണ്. കാറ്റ് കൊള്ളൽ മാത്രമല്ല ആ ഇരിപ്പിന്റെ ഉദ്ദേശം. മീൻ പിടിക്കൽ കൂടിയാണ്. കുഞ്ഞൻ തത്തയാണ് മീൻ പിടിക്കുക. ബാക്കിയുള്ള കാര്യം കുങ്കൻ ചെയ്തുകൊള്ളും. കിട്ടുന്നതിൽ പകുതി എന്നതായിരുന്നു അവർ തമ്മിലുള്ള കരാർ. ഇങ്ങനെ മീൻ പിടിക്കുന്നത് നിർത്താതെ തുടർന്നു. ഇങ്ങനെ പോയാൽ പുഴയിലെ മീനുകളെല്ലാം കുങ്കന്റെയും കുഞ്ഞന്റെയും വയറ്റിലാകും എന്ന് മനസ്സിലാക്കിയ മീനുകളെല്ലാം കൂടി ഒരു യോഗം ചേർന്നു. അപ്പോൾ കൂട്ടത്തിൽ പൂവാലി എന്ന മീൻ പറഞ്ഞു: അവരെ ഒതുക്കുന്ന കാര്യം ഞാനേറ്റു. അങ്ങനെ പിറ്റേന്നും കുങ്കനും കുഞ്ഞനും പുഴയോരത്തെത്തി. എന്നിട്ട് എവിടെയെങ്കിലും മീനുകളുടെ അനക്കമുണ്ടോ എന്ന് കുഞ്ഞൻ നോക്കിയിരുന്നു. പെട്ടെന്നാണ് പൂവാലി തലപൊക്കിയത്. ചാടിപ്പിടിക്കാൻ ശ്രമിച്ച കുഞ്ഞനോട് പൂവാലി പറഞ്ഞു. ഇവിടത്തെ എല്ലാ മീനുകളെയും നിങ്ങൾ ഇന്നല്ലെങ്കിൽ നാളെ വയറ്റിലാക്കും. ഞാനും നിങ്ങളുടെ വയറ്റിലാകും. അതിന് മുമ്പ് ഒരു കാര്യം നിങ്ങളെ അറിയിക്കാമെന്ന് കരുതി. 'ഇവിടുത്തെ മീനുകൾക്കെല്ലാം എന്തോ മാരകരോഗം ബാധിച്ചിരിക്കുകയാണെന്നാണ് ഇന്നലെ പരിശോധനയ്ക്ക് വന്ന ഡോക്ടർ പറഞ്ഞത്.' ഇതുകേട്ടതും അവർ പരസ്പരം നോക്കി. എന്നിട്ട് പറഞ്ഞു. പൂവാലീ നീ പറഞ്ഞത് കേട്ട് കഷ്ടം തോന്നുന്നു. എന്നും പറഞ്ഞ് കുങ്കനും കുഞ്ഞനും സ്ഥലം വിട്ടു. പിന്നെ ഒരിക്കലും അവർ അങ്ങോട്ട് വന്നില്ല. അങ്ങനെ പൂവാലിയും മറ്റ് മീനുകളും സന്തോഷത്തോടെ ജീവിച്ചു.





# പ്രവാസി



നീരജ് കെ.വി.

അവൻ എല്ലാ ദിവസവും രാവിലെ നടക്കാറുണ്ടായിരുന്നു. അങ്ങനെ അവൻ പതിവുപോലെ നടക്കാനിറങ്ങി. ബഹളം മാത്രം. മനസ്സിന് ഏകാഗ്രത കിട്ടാനാണ് രാവിലെകളിൽ അവൻ നടത്തം പതിവാക്കിയിരിക്കുന്നത്.
ഗൾഫിലേക്ക് വന്നതിൽ പിന്നെ ഉള്ള സന്തോഷം കൂടെ നഷ്ടപ്പെട്ടു. അവൻ മനസ്സിൽ മന്ത്രിച്ചു. വളരെ പ്രതീക്ഷകളോടെയാണ് അവൻ ഗൾഫിലേക്ക് വന്നത്. ഒരുപാട് സ്വപ്നങ്ങളും അതിലേറെ ആഗ്രഹങ്ങളും നല്ലൊരു ജോലിയും എല്ലാ സൗകര്യങ്ങളും ഉണ്ടെങ്കിലും മനസ്സിന് ഒരു തൃപ്തിയുമില്ല. ഒരു യന്ത്രംപോലെ ഓരോ ദിവസവും ജീവിച്ചുതീർക്കുന്നു. ഓരോ മാസവും നാട്ടിലേക്ക് പണം അയക്കുമ്പോഴുള്ള ചെറിയ സന്തോഷം മാത്രം ബാക്കി.
രാവിലെകളിൽ അമ്മ ഉണ്ടാക്കിയിരുന്ന നെയ്യപ്പത്തിന്റെ സ്വാദ് അവന്റെ നാവിൽ ഇപ്പോഴും ഉണ്ട്. അവന്റെ വീടിന്റെ അപ്പുറത്തെ ഗ്രൗണ്ടിൽ കൂട്ടുകാരുമൊത്ത് ഫുട്ബോൾ കളിക്കുന്നതും കുളത്തിൽ കുളിക്കുന്നതും
ചെറുസംഭാഷണങ്ങളും അവൻ വളരെ മിസ്സ് ചെയ്യുന്നു. ഇനി എന്നാണ് ആ പഴയ സന്തോഷം തിരിച്ചുകിട്ടുക. എല്ലാം നിർത്തി നാട്ടിൽ പോയാലോ എന്ന് അവൻ എപ്പോഴും ചിന്തിക്കും. നല്ല ശമ്പളമുള്ള ജോലിയോ സൗകര്യങ്ങളോ ഇല്ലെങ്കിലെന്താ... എപ്പോഴും സമാധാനത്തോടും സന്തോഷത്തോടും ജീവിക്കാൻ കഴിയുമെന്ന് അവൻ ചിന്തിച്ചു. വളരെ അപ്രതീക്ഷിതമായാണ് അവന്റെ ഫോൺ റിങ് ചെയ്തത്. ഇത്ര രാവിലെ ആരാണ് തന്നെ വിളിക്കാൻ. അവൻ ഓർത്തു. അമ്മയായിരിക്കും. അതെ അമ്മയാണ്. അവൻ പെട്ടെന്ന് ഫോൺ എടുത്തു.

'ഹലോ അമ്മേ...'

'മോനേ... നീ എഴുന്നേറ്റായിരുന്നോ.'

'ആ.... അമ്മേ' അവൻ പതിഞ്ഞ ശബ്ദത്തിൽ പറഞ്ഞു.
"മോനേ നിന്നെ ഇവിടെ എല്ലാവരും ഒരുപാട് മിസ് ചെയ്യുന്നുണ്ടെടാ... മോൻ പോയതിൽ പിന്നെ അമ്മയ്ക്കൊരു സന്തോഷവും ഇല്ല'

"എനിക്കും ഒരു സന്തോഷവും ഇല്ലമ്മേ..'

"പക്ഷെ നിന്നെക്കുറിച്ചോർത്ത് ഞങ്ങൾക്ക് നല്ല അഭിമാനം തോന്നുന്നെടാ.. ഈ പ്രായത്തിൽ പട്ടണത്തിൽ പോയി ജോലി ചെയ്ത് വീട്ടിലെ കാര്യങ്ങളെല്ലാം മോൻ നോക്കുന്നില്ലേ..'

" ആ.. അത് ശരിയാ...
അമ്മ എപ്പോഴും മോന് വേണ്ടി പ്രാർത്ഥിക്കുന്നുണ്ട്. മോന് എപ്പോഴും നല്ലതേ വരൂ. കേട്ടോ...'

"ദൂരെ നിന്ന് അച്ഛന്റെ ശബ്ദം കേൾക്കാം. അമ്മയെ വിളിക്കണേ...

'ആ...' അവൻ വിഷമം ഉള്ളിലൊതുക്കി പറഞ്ഞു.

'മോനേ... ഒരു കാര്യം കൂടെ. നീ ഇനി എന്നാ ഇങ്ങോട്ട് വരുന്നേ...'

ബാക്കി പറയാൻ അവന് പറ്റിയില്ല. അവൻ നിറഞ്ഞ കണ്ണുകളോടെ ഫോൺ കട്ട് ചെയ്ത് അവൻ പതിവുപോലെ നടക്കാനിറങ്ങി. ചുറ്റും വണ്ടികളുടെയും ആൾക്കാരുടെയും ബഹളം മാത്രം. മനസ്സിന് ഏകാഗ്രത കിട്ടാനാണ് രാവിലെകളിൽ അവൻ നടത്തം പതിവാക്കിയിരുന്നത്.
ഗൾഫിലേക്ക് വന്നതിൽ പിന്നെ ഉള്ള സന്തോഷം കൂടെ നഷ്ടപ്പെട്ടു.



അനുഗ്രഹ്

# സത്യസന്ധത

ഒരു ഗ്രാമത്തിൽ രാമു എന്ന പാവപ്പെട്ട പാൽക്കാരൻ ഉണ്ടായിരുന്നു. മുൻപ് നല്ല രീതിയിൽ കച്ചവടം മുമ്പോട്ട് കൊണ്ടുപോവുകയും കുടുംബത്തെ നോക്കേണ്ട കഴിവും ഉണ്ടായിരുന്നു രാമുവിന്. പിന്നീട് ആ ഗ്രാമത്തിൽ ഒരു പാൽക്കച്ചവടക്കാരൻ കൂടി വന്നു. ഒരു ദിവസം രാവിലെ രാമു പതിവുപോലെ പാൽ വിൽക്കാൻ പോയി. അപ്പോഴാണ് രാമു മറ്റൊരു പാൽക്കാരനെ കാണുന്നത്. രാമുവിന് വളരെ സങ്കടമായി. കാരണം തന്റെ ജീവിതമാർഗ്ഗമായ പാൽക്കച്ചവടം ഇനി കഴിഞ്ഞപോലെ മുമ്പോട്ട് കൊണ്ടുപോകാൻ കഴിയില്ലേ എന്ന് കരുതി. രാമു വളരെ സങ്കടത്തോടെ വീട്ടിലേക്ക് മടങ്ങി. അന്ന് എല്ലാവരും അയാളുടെ കയ്യിൽ നിന്നായിരുന്നു പാൽ വാങ്ങിച്ചത്. താൻ വീട്ടിൽ വന്നപ്പോൾ ഭാര്യ പറഞ്ഞു: നാളെയാണ് സ്കൂൾ ഫീസ് കൊടുക്കേണ്ട അവസാന ദിവസം. രാമു തന്റെ ഭാര്യയോട് മറ്റൊരു പാൽക്കാരൻ വന്ന കാര്യം പറഞ്ഞു. അപ്പോൾ ഭാര്യ പറഞ്ഞു. നിങ്ങൾ തൽക്കാലം മറ്റൊരു ഗ്രാമത്തിൽ പാൽവിൽക്കാൻ പോകൂ... രാമു പറഞ്ഞു ശരി



പോകാം. മക്കളുടെ സ്കൂൾഫീസ് അടക്കാൻ ഞാൻ കൂട്ടിവെച്ച പണം ഉപയോഗിക്കാം. തൽക്കാലം പിറ്റേദിവസം രാവിലെ രാമു നേരത്തെ പുറപ്പെടാൻ ഒരുങ്ങി. അപ്പോഴാണ് അയാൾ മനസ്സിലാക്കിയത്. ഇന്നലെ വന്നത് പുതിയ പാൽക്കാരൻ പട്ടണത്തിൽ നിന്നുവന്ന പാൽക്കാരനായിരുന്നു. അത് കാര്യമാക്കാതെ മറ്റ് ഗ്രാമങ്ങളിലേക്ക് പാൽവിൽക്കാൻ പുറപ്പെട്ടു. ആ ദിവസം അയാൾ വളരെ സന്തുഷ്ടനായിരുന്നു. കാരണം മുഴുവൻ പാലും വിറ്റുതീർന്നിരുന്നു. ലാഭം തനിക്ക് വേണ്ടതിനേക്കാൾ കൂടുതലായിരുന്നു. അയാൾ വീട്ടിലെത്തി. ഭാര്യയോട് കാര്യം പറഞ്ഞു. ഭാര്യ അതുകേട്ട് സന്തോഷമായി. ലാഭം വന്ന പണം മാറ്റിവെച്ചു. പിന്നീട് കുറച്ച് ദിവസങ്ങൾക്ക് ശേഷവും ഇങ്ങനെ തുടർന്നുപോയി. പാൽ കൂട്ടുന്നതിനായി ഒരു പശുവിനെ വാങ്ങി. ഒരു ദിവസം അയൽക്കാരൻ പാലിൽ വെള്ളം ചേർക്കുന്നത് കണ്ടു. രാമു അപ്പോൾ തന്നെ ഗ്രാമത്തലവനെ വിവരം അറിയിച്ചു. പിന്നെ നാട്ടുകാർ അയാളെ നിരീക്ഷിക്കാൻ തുടങ്ങി. പാലിൽ വെള്ളം ചേർക്കുന്നു എന്ന് മനസ്സിലായി. പാൽക്കാരനെ ഗ്രാമത്തലവൻ ഗ്രാമത്തിൽ നിന്ന് പുറത്താക്കി. പിന്നീട് രാമുവിന്റെ കയ്യിൽ നിന്ന് തന്നെ ഗ്രാമവാസികൾ പാൽ വാങ്ങാൻ തുടങ്ങി. അങ്ങനെ തന്റെ ഗ്രാമത്തിലും മറ്റ് ഗ്രാമങ്ങളിലും രാമുവിന്റെ പാൽക്കച്ചവടം പ്രസിദ്ധമായി. രാമുവിന്റെയും കുടുംബത്തിന്റെയും കഷ്ടപ്പാട് മാറി. നല്ല രീതിയിൽ കുടുംബം മുന്നോട്ടുപോയി.



അനിഹ

# പാവപ്പെട്ട കുട്ടി

**ബേ**പ്പൂർ എന്ന ഗ്രാമത്തിലെ തെരുവിൽ കുറേ ആൾക്കാർ ജീവിച്ചിരുന്നു. അതിൽ ഒറ്റയ്ക്ക് ഒരു കുട്ടിയുണ്ടായിരുന്നു. അവളുടെ അച്ഛനും അമ്മയും മരിച്ചുപോയി. എപ്പോഴും ആ കുട്ടി ഒറ്റയ്ക്കാണ്. സ്കൂളിലും പോയിട്ടില്ല. കൂട്ടുകാരും ഇല്ല. അങ്ങനെ അവൾ തനിച്ചാണ്. അങ്ങനെ ഒരു ദിവസം മീര എന്ന കുട്ടി അവളെ കണ്ടപ്പോൾ പാവം പോലെ തോന്നി. അവളടുത്ത് ചെന്ന് മീര പറഞ്ഞു. നമുക്ക് കൂട്ടുകാരായാലോ. മീര ചോദിച്ചു. നിന്റെ പേര് എന്താ. അവൾ പറഞ്ഞു അശ്വതി. മീര ചോദിച്ചു. നീ എന്റെ വീട്ടിൽ വരുന്നോ. ഇല്ല. അതെന്താ നീ വരാത്ത്. ഞാൻ തെരുവിൽ കിടക്കുന്ന കുട്ടിയല്ലേ എന്നെ ഒരു വീട്ടിലും ആരും കയറ്റില്ല. എനിക്കൊരു വൃത്തിയും ഇല്ല. എൻ്റെ കുപ്പായമൊക്കെ കീറി പഴഞ്ചനായില്ലേ എന്നെ കണ്ടാൽ ആരും എന്നോടടുക്കില്ല. മീര ചോദിച്ചു. അല്ലാ നീ സ്കൂളിൽ പോയിട്ടില്ലല്ലോ. ഇല്ല സ്കൂളിൽ ചേരാൻ പൈസ വേണ്ടേ. അമ്മമാരുണ്ടെങ്കിലല്ലേ സ്കൂളിൽ കയറ്റുള്ളൂ. നിന്നോട് ആര് പറഞ്ഞു. അമ്മയില്ലാതെ പാവപ്പെട്ട തെരുവിൽ നിൽക്കുന്ന കുട്ടികളെയൊക്കെ ടീച്ചർ സ്കൂളിൽ ചേർക്കും. എനിക്ക് യൂണിഫോമൊക്കെ വേണ്ടേ. അതിന് പൈസ വേണ്ടിവരില്ലേ. അതൊക്കെ ടീച്ചർ നോക്കിക്കൊള്ളും. മീര പറഞ്ഞു. നീ എന്റെ വീട്ടിൽ വാ.. അങ്ങനെ മീരയുടെ വീട്ടിൽ അശ്വതി പോയി. മീരയുടെ അമ്മ പറഞ്ഞു. ഇതാരാ.. അശ്വതി. ഇവൾ തെരുവിൽ കിടക്കുന്നതുകണ്ടപ്പോൾ ഞാൻ ഇങ്ങോട്ട് കൂട്ടിയതാണ്. അശ്വതി പറഞ്ഞു. എനിക്ക് നന്നായിട്ട് വിശക്കുന്നു. ഒരുമാസമായി ഞാൻ എന്തെങ്കിലും കഴിച്ചിട്ട്. മീരയുടെ അമ്മ നല്ല ചൂടുള്ള ബിരിയാണി എടുത്തു. അശ്വതി കഴിച്ചു. അവൾ അവളുടെ വിശപ്പ് മാറുന്നതു വരെ കഴിച്ചു. അങ്ങനെ മീരയുടെ കുപ്പായവും പാവാടയും എടുത്തുകൊടുത്തു. മീരയുടെ വീട്ടിൽ നിന്ന് അശ്വതി കുളിച്ചു. കുളിച്ച് മീരയുടെ കുപ്പായമൊക്കെ ഇട്ട് നല്ല സുന്ദരിയായി വന്നു. അവളുടെ കഴുത്തിൽ ഒരു ലോക്കറ്റുണ്ടായിരുന്നു. അതിനുള്ളിൽ അവളുടെ അച്ഛനും അമ്മയും ഉള്ള ഫോട്ടോ ഉണ്ടായിരുന്നു. മീര ചോദിച്ചു. ഇതാണോ നിന്റെ അമ്മയും അച്ഛനും. അതെ. മീരയുടെ അമ്മ അശ്വതിയെ മീരയുടെ സ്കൂളിൽ തന്നെ ചേർത്തു. പഠിപ്പിന്റെ കാര്യങ്ങളൊക്കെ മീരയുടെ അമ്മ തന്നെയാണ് അവളുടെ എല്ലാ കാര്യങ്ങളും നോക്കാറുള്ളത്. അങ്ങനെ ഒരു ദിവസം മീരയുടെ ക്ലാസിലുള്ള കുട്ടികൾ ഒരു പാർട്ടിക്ക് പോകാം എന്ന് പറഞ്ഞു. അങ്ങനെ മീര അശ്വതിയെയും കൂട്ടി പാർട്ടിക്ക് പോയി. അവിടെ ബഹളവും പാട്ടും ഒക്കെയുണ്ടായിരുന്നു. മീരയുടെ കൂട്ടുകാർ അശ്വതിയെ കുറേ കളിയാക്കി. വേണ്ടാത്തതൊക്കെ അവർ പറഞ്ഞ് കളിയാക്കി. നിന്റെ മുടിയെന്താ ഇങ്ങനെ. അശ്വതി കരഞ്ഞു. അശ്വതി സങ്കടത്തോടെ പാർട്ടി സ്ഥലത്തിൽ നിന്ന് ഓടി. കുറച്ച് നേരമായപ്പോൾ മീര വന്നു. അശ്വതി എവിടെ. അവൾ കരഞ്ഞ് കിടപ്പായിപ്പോയി. അവളുടെ വേറൊരു കൂട്ടുകാരി അവന്തികയാണ് അവളെ കളിയാക്കിയത്. അവൾ കരഞ്ഞ് ഓടിപ്പോയി. അങ്ങനെ മീര എല്ലാ സ്ഥലത്തും അന്വേഷിച്ചു. എവിടെയും കാണുന്നില്ല. അങ്ങനെ മീര അവൾ ആദ്യം നിന്നിരുന്ന സ്ഥലത്തു പോയി. അപ്പോൾ അവിടെ അവളുണ്ടായിരുന്നു. മീര ചോദിച്ചു. നീയെന്താ പറയാതെ വന്നത്. ഞാൻ നിന്നെ എവിടെയൊക്കെ നോക്കി എന്നറിയാമോ. സോറി മീര. അവർ അങ്ങനെ പറഞ്ഞപ്പോൾ എനിക്ക് സങ്കടം തോന്നി. ഞാൻ പറഞ്ഞില്ലേ എന്നെ നിങ്ങൾ കാണുന്നതുപോലെ വേറൊരാൾക്ക് കാണാൻ കഴിയില്ല. മീര അവളുടെ വീട്ടിൽ തന്നെ കൂട്ടി. അങ്ങനെ ഒരു ദിവസം അവളുടെ വീട്ടിൽ ഒരു അച്ഛനും അമ്മയും വന്നു. വീട്ടുജോലിക്കുവന്നതാണ്. അവിടെ അവരെ കയറ്റി. മീരയും അശ്വതിയും സ്കൂളിൽ നിന്നും വന്നു. ആ അച്ഛനെയും അമ്മയെയും കണ്ടപ്പോൾ അവളുടെ അച്ഛനും അമ്മയും പോലെയുണ്ട്. അവളുടെ ലോക്കറ്റ് അവർ കണ്ടു. അവർക്ക് മനസ്സിലായി. ഇത് നമ്മുടെ മകൾതന്നെ. എല്ലാ കാര്യവും പറഞ്ഞു. അവർ സുഖമായി ജീവിച്ചു.



# അധ്വാനം



ദേവാഞ്ജന പി.കെ.

ഒരു ഗ്രാമത്തിൽ ദാസൻ എന്ന ഒരു കർഷകനുണ്ടായിരുന്നു. അയാൾക്ക് ഭാര്യയും രണ്ട് ആൺമക്കളുമുണ്ടായിരുന്നു. പക്ഷെ രണ്ടുപേരും അലസന്മാരായിരുന്നു. ഒരു ജോലിയും ചെയ്യില്ല. എപ്പോഴും എന്തെങ്കിലും



ഭക്ഷണം തിന്നുകൊണ്ടേയിരിക്കും . ദാസനാണ് കൃഷിസ്ഥലത്ത് പോയി കൃഷി ചെയ്ത് കിട്ടുന്നത് കടയിൽ കൊണ്ടുപോയി വിൽക്കുന്നതുമെല്ലാം. അയാളുടെ മക്കൾ ഒരു ജോലിയും ചെയ്യാതെ ഇരുന്നാൽ തന്റെ കാലശേഷം അവർ എന്തുചെയ്യും എന്നുള്ള ഒരു വിഷമം അയാൾക്ക് ഉണ്ടായിരുന്നു. കുറച്ച് നാളുകൾക്ക് ശേഷം ദാസന് തീരെ വയ്യാതെയായി. അയാൾക്ക് അസുഖം കൂടി. അപ്പോൾ അയാൾ അവരുടെ മക്കളോട് പറഞ്ഞു. എനിക്ക് തീരെ വയ്യ. ഇനി നിങ്ങളാണ് കൃഷിസ്ഥലത്ത് പോയി ജോലി ചെയ്യേണ്ടത്. പക്ഷെ രണ്ടുപേരും ഓരോ ന്യായങ്ങൾ പറഞ്ഞ് അതിൽ നിന്ന് ഒഴിഞ്ഞു. അസുഖം ഉണ്ടായിട്ടുപോലും ദാസൻ പിന്നെയും പോയി ജോലി ചെയ്തു. ഒരു ദിവസം അദ്ദേഹത്തിന്റെ കൂട്ടുകാരൻ മോഹൻദാസനെ കാണാൻ വന്നു. ദാസന്റെ അവസ്ഥ അയാൾ മോഹനോട് പറഞ്ഞു. മോഹൻ അതിനൊരു പരിഹാരം കണ്ടെത്തിക്കൊടുത്തു. മോഹൻ തിരിച്ചുപോയി. അന്ന് രാത്രി ദാസൻ മക്കളോട് പറഞ്ഞു. മക്കളെ ഞാൻ കൃഷി ചെയ്യുന്ന സ്ഥലത്ത് ഒരു നിധിയുണ്ട്. എന്റെ അച്ഛനാണ് എന്നോട് ഈ കാര്യം പറഞ്ഞത്. താൻ കുറേക്കാലമായി അവിടെയെല്ലാം കൃഷി ചെയ്ത് നോക്കുന്നു. പക്ഷെ എനിക്ക് ആ നിധി കിട്ടിയില്ല. ഒരുപക്ഷേ നിങ്ങൾ അവിടെ കൃഷിചെയ്താൽ അത് നിങ്ങൾക്ക് കിട്ടിയേക്കാം. പിറ്റേദിവസം രണ്ടുപേരും കൃഷിസ്ഥലത്ത് പോയി. കൃഷിചെയ്യാൻ തുടങ്ങി. അവർ അവിടെ കൃഷി ചെയ്ത് നന്നായി വിളവ് വന്നു. അപ്പോൾ അവർ അതെടുത്ത് കടയിൽ കൊണ്ടുപോയി വിറ്റു. അവർക്ക് അതിൽ നിന്ന് പൈസ കിട്ടി. അത് കണ്ടപ്പോൾ അവർക്ക് രണ്ടുപേർക്കും വലിയ സന്തോഷമായി. അപ്പോഴാണ് അവർക്ക് അധ്വാനത്തിന്റെ വില മനസ്സിലായത്. ആ പൈസ അവർ അവരുടെ അച്ഛനെ ഏൽപ്പിച്ചു. അച്ഛന് ഒരുപാട് സന്തോഷമായി. പിന്നെ എല്ലാ ദിവസവും അവർ അവിടെപോയി കൃഷി ചെയ്യും. അച്ഛൻ അന്ന് പറഞ്ഞത് കള്ളമായിരുന്നു എന്ന് അവർക്ക് പിന്നീട് മനസ്സിലായി.



നിയ പ്രകാശ്

# നല്ല മനസ്സ്

ഒരു ദിവസം ഒരു പെൺകുട്ടി സ്കൂളിലേക്ക് പോകാൻ വേണ്ടി റെഡിയാവുകയായിരുന്നു . അങ്ങനെ അവളുടെ വീട്ടിൽ നിന്നും കുറച്ച് ദൂരം ഉണ്ട് ബസ്സ്റ്റോപ്പിലേക്ക്. സ്കൂളിലേക്ക് പോകാൻ കൂട്ടായി അവളുടെ ഫ്രണ്ട്സ് ഒന്നും ഇല്ല. അങ്ങനെ അവൾ നടന്ന് ബസ്സ്സ്റ്റോപ്പിലെത്തി. ഒടുവിൽ ബസ്സ് വന്നു. അവളുടെ സ്കൂളിന്റെ സ്ഥലത്തേക്ക് എത്തി. ബസ്സ് സ്കൂളിന്റെ മുന്നിൽ നിർത്തില്ല. സ്കൂളിലേക്ക് എത്താൻ ഒരു 5 മിനിട്ട് നടക്കണം. അവൾ നടന്ന് നടന്ന് കുറച്ച് കഴിഞ്ഞപ്പോൾ റോഡ് കടക്കാറായി. കുറേയധികം വണ്ടികൾ അങ്ങോട്ടും ഇങ്ങോട്ടും പോകുന്നുണ്ട്. റോഡ് കടക്കാൻ തുടങ്ങിയപ്പോൾ ഒരു വണ്ടി വന്ന് അവളെ ഇടിച്ചു. ആ വണ്ടിക്കാരൻ അതൊന്നും നോക്കാതെ അങ്ങ് പോയി. ആരും തന്നെ അവളെ എടുത്ത് ആശുപത്രിയിൽ കൊണ്ടുപോകുന്നില്ല. എല്ലാവരും അത് കണ്ടുനിൽക്കുന്നതേ ഉള്ളൂ. അവളുടെ ശരീരത്തിൽ നിന്നും ചോര വാർന്നൊഴുകുന്നുണ്ടായിരുന്നു. കുറേ കഴിഞ്ഞപ്പോൾ ഒരു ആൾ വന്നു. അയാൾക്ക് അവളുടെ ഈ അവസ്ഥ കണ്ടുനിൽക്കാൻ കഴിയുന്നില്ലായിരുന്നു. അപ്പോൾ അയാൾ ഒന്നും നോക്കിയില്ല. നേരെ ആശുപത്രിയിൽ കൊണ്ടുപോകാൻ അവിടെ നിന്ന് വണ്ടി വിളിച്ചു. അത് കാണാനായി കുറേപേർ ഉണ്ടായിരുന്നു. പക്ഷെ അവരൊക്കെ കാണാനേ നിൽക്കൂ... ഇത്രേം സമയമായിട്ടും അവർ ആ കുട്ടിയുടെ അവസ്ഥ കാണുകയല്ലേ ചെയ്തുള്ളൂ. അങ്ങനെ വണ്ടി എത്തി. അവർ ആശുപത്രിയിലെത്തി. ഡോക്ടർ കുട്ടിയെ നോക്കി. അവളെ അഡ്മിറ്റ് ചെയ്തു. ആ കുട്ടിക്ക് കുറച്ച് സീരിയസ് ആയിരുന്നു. അയാൾ കുട്ടിയുടെ വീട്ടിലുള്ള ആളുകളെ കണ്ടുപിടിച്ച് വീട്ടുകാരെ വിളിച്ച് പറഞ്ഞു. കുറച്ച് സമയം കഴിഞ്ഞപ്പോൾ അവളുടെ അച്ഛനും അമ്മയും എത്തി. അവരെ കണ്ടു. അവളുടെ അവസ്ഥ കണ്ട് അവർ രണ്ടുപേരും കരഞ്ഞുപോയി. അയാളോട് അവർ രണ്ടുപേരും നന്ദി പറഞ്ഞു. അപ്പോൾ അയാൾ പറഞ്ഞു. നന്ദി. ഒന്നും വേണ്ട. കുട്ടിയുടെ ജീവനല്ലേ വലുത്. അവിടെ റോഡിന്മേൽ കുറേപേർ ഉണ്ടായിട്ടും ആരും എന്റെ മോളെ രക്ഷിച്ചില്ലല്ലോ. താങ്കൾക്ക് മാത്രമല്ലേ എന്റെ മോളേ രക്ഷിക്കാനുള്ള മനസ്സ് തോന്നിയത്. അപ്പോൾ നിങ്ങളുടെ മനസ്സാണ് ഏറ്റവും നല്ല മനസ്സ്.



# ചീരണിപ്പൊതി



## ണിം...

ണിം... ണിം... കാസിമിൻ്റെ സൈക്കിളിന്റെ ശബ്ദം കേട്ടയുടനെ സൗബാൻ മുറ്റത്തേക്കോടി. സൗബാനെ കാസിം സന്തോഷത്തോടെ പുണർന്നു. നബീസുവും സക്കീനയും പുറത്തുവന്നു. സക്കീനയെ ഉപ്പ ചേർത്ത് പിടിച്ചു. കയ്യിൽ ഉണ്ടായിരുന്ന കവർ കാസിം നബീസുവിന് കൊടുത്തു. കാസിംഒരു മീൻകാരനാണ്. അയാൾ തന്റെ ഭാര്യയുടെയും രണ്ട് മക്കളുടെ കൂടെയും സന്തോഷത്തോടെ ഒരു കൊച്ചു കുടിലിൽ താമസിക്കുന്നു.

അവർ ഭക്ഷണം കഴിക്കാൻ വേണ്ടി ഇരുന്നു. വറ്റില്ലാത്ത കഞ്ഞിയായിരുന്നു അവരുടെ അന്നത്തെ അന്നം. പക്ഷെ വിശപ്പുകാരണമാവാം സന്തോഷത്തോടെ അവർ അത് കുടിച്ചു. ”ഉപ്പച്ചീ... നാളെയല്ലേ റബീഉൽ അവ്വൽ ആകുന്നേ... അപ്പോൾ പള്ളീല് മൗലീദ് ഉണ്ടാവൂലെ.. ഭക്ഷണം കഴിക്കുന്നതിനിടയിൽ സക്കീന മോൾ പറഞ്ഞു. ’മൗലീദ് ഉണ്ടാവുമ്പോ ഞാനും ഉപ്പാന്റെ കൂടെ പള്ളീല് പോവുമല്ലോ....’ സൗബുമോൻ സന്തോഷത്തോടെ പറഞ്ഞു. പക്ഷെ അത് കേട്ട് കാസിംക്കയും നബീസുവും ചിരിച്ചതേയുള്ളൂ. കാരണം അവരുടെ ഉള്ള് പൊള്ളുന്നുണ്ടായിരുന്നു. തങ്ങളുടെ മക്കൾക്ക് നല്ല ഭക്ഷണം കൊടുക്കാൻ കഴിയുന്നില്ലല്ലോ എന്നാണ് അവരുടെ വേവലാതി. ഭക്ഷണം കഴിച്ച് അവർ കിടന്നു. എത്ര തിരിഞ്ഞ് കിടന്നിട്ടും കാസിമിനും നഫീസുവിനും ഉറക്കം വന്നില്ല. ’ഇക്കാ നാളെ പള്ളീല് മൗലീദ് ഉണ്ടാവുമ്പോ സൗബുമോനെയും കൂട്ടിക്കോ... ഓൻ രണ്ട് മൂന്ന് ദിവസം മുമ്പേ പറയാൻ തുടങ്ങീന്.’

നബീസു പറഞ്ഞു. ”ആ... ഓനേ കൂട്ടണം. ഇന്നലെ ഇവിടെ ചീരണിയുടെ കഥയൊക്കെ പറയുവായിരുന്നു സക്കിമോളും സൗബുമോനും.’ നഫീസ.. മ്.... പെട്ടെന്നാണ് നല്ല ഉഗ്രൻ മഴ പെയ്തത്. കാസിംക്കയും നബീസുവും തങ്ങളുടെ മക്കളുടെ റൂമിലേക്ക് പോയി. അവരെ വാരിയെടുത്തു. എന്നിട്ട് അവരുടെ റൂമിലേക്ക് കൊണ്ടുപോയി.. അവരുടെ കുടിലിൽ കുട്ടികളുടെ മുറിയിൽ നല്ല ചോർച്ചയുണ്ട്. ആ കാര്യം കാസിമിനെ കൂടുതൽ നൊമ്പരപ്പെടുത്തി.

പിറ്റേന്ന് രാവിലെയും മഴ നിന്നില്ല. മഴ പെയ്തുകൊണ്ടേയിരുന്നു. അതുകൊണ്ട് സൗബാനും സക്കിമോൾക്കും മദ്റസയും സ്കൂളും ഇല്ല. കാസിം തന്റെ ജോലിക്ക് പോയി. അങ്ങനെ മഗ്‌രിബ് ആയപ്പോൾ ബാക്ക് കെടുത്തു. ഉമ്മാ... ഉപ്പച്ചി എന്താണ് കൂട്ടാൻ വരാത്തെ... സൗബാൻ സങ്കടത്തോടെ ചോദിച്ചു. മോനേ മഴയല്ലേ... അത്കൊണ്ടായിരിക്കും ഉപ്പച്ചി വരാത്തെ. നമുക്ക് ഇവിടന്ന് മൗലിദ് ചൊല്ലാം. നബീസു പറഞ്ഞു. ഉം.... അങ്ങനെ അവർ മഗ്‌രിബ് നിസ്ക്കരിച്ച് മൗലീദ് ചൊല്ലി. മഴ കുറഞ്ഞു... മുറ്റത്ത് ഉപ്പച്ചിയുടെ സൈക്കിളിന്റെ സൗണ്ട് കേട്ടതും സൗബാനും സക്കിമോളും മുറ്റത്തേക്ക് ഓടി. കാസിം സൗബാനെ പൊക്കിയെടുത്തു.

അവർ മുറ്റത്ത് ഒരുപാട് നേരം സംസാരിച്ചു. കാസിം ചീരണിപ്പൊതി നബീസുവിന്റെ കൈയിൽ കൊടുത്തു. നബീസു അകത്ത് കയറി. കാസിംക്കയും സക്കിമോളും സൗബുമോനും മുറ്റത്ത് ഇങ്ങനെ നിൽക്കുമ്പോൾ ഇരുട്ടിലൂടെ ആരോ വരുന്നത് കണ്ടു. ഒരു ഉമ്മയും മോനമാണ്... കാണുമ്പോൾ സൗബുമോന്റെ പ്രായം തോന്നിക്കുന്ന ആ കുട്ടിയുടെ മുഖത്ത് മുഴുവൻ ക്ഷീണമാണ്. എന്റെ പേര് റസിയ. ഇത് എന്റെ മോനാണ്. ഞങ്ങളുടെ വീട് ഇന്നലത്തെ മഴയിൽ ഒലിച്ചുപോയി. കുടിക്കാൻ വല്ലതും തന്നിരുന്നെങ്കിൽ ഉപകാരമായി. അത്രേം പറഞ്ഞു. അപ്പോഴാണ് നബീസു അങ്ങോട്ടേക്ക്

ചീരണിപ്പൊതി കൊണ്ടുവന്നത്. സൗബാന ഓടിപ്പോയി ഉമ്മാന്റെ കൈയിൽ കൊടുത്തു. നിന്റെ പേര്... സൗബുമോൻ ചോദിച്ചു. മുജ്തബ്. കഴിച്ചോ... സൗബുമോൻ പറഞ്ഞു. ആ ഉമ്മയും മോനും കൂടി അത് കഴിച്ചു. അവർ അവരോട് നന്ദി പറഞ്ഞു തിരിച്ചുപോയി. സൗബാൻ അവര് പോകുന്നതും നോക്കിക്കൊണ്ടേയിരുന്നു. കാസിം സൗബാന്റെ അടുത്ത് വന്നു ചോദിച്ചു. 'മോന് വേണമായിരുന്നോ മൗലീദിന്റെ ചീരണി. പിന്നെന്തിനാ മോൻ അവർക്ക് കൊടുത്തേ....' നമുക്ക് ഇഷ്ടമുള്ളത് നമ്മൾ മറ്റുള്ളവർക്ക് കൊടുക്കണമെന്നും അയൽവാസി പട്ടിണി കിടക്കുമ്പോൾ സ്വന്തം വയറ് നിറയ്ക്കുന്നവൻ നമ്മളിൽപ്പെട്ടവനല്ല എന്നുമാണല്ലോ

ഉപ്പാ... മുത്ത് നബി പറഞ്ഞത്. അപ്പോ മുത്ത് നബി ജനിച്ച മാസം തന്നെ ഇങ്ങനെയുള്ള സത്കർമ്മം ചെയ്താൽ മുത്ത് നബിക്ക് ഒരുപാട് ഇഷ്ടാവൂലേ. സൗബാൻ പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു. കാസിമും നബീസുവും അവനെ സ്നേഹത്തോടെ നോക്കി. അവർ അകത്തേക്ക് കയറി. ഭക്ഷണം കഴിക്കാൻ ഇരുന്നു. ഇതെവിടുന്ന് ഉമ്മാ ബിരിയാണി. സക്കി മോൾ അതിശയത്തോടെ ചോദിച്ചു. ഇതേ ചോദ്യമാണ് കാസിമിനും സൗബുവിനും ചോദിക്കാനുണ്ടായത്. ഇന്ന് വൈകുന്നേരം നസീമ കൊണ്ട് തന്നതാ എന്ന് നബീസു പറഞ്ഞപ്പോൾ തങ്ങളുടെ അയൽവാസിക്ക് വേണ്ടി പ്രാർത്ഥിക്കുകയായിരുന്നു കാസിംക്കയും കുടുംബവും.

ഫർഹാന കെ



അക്ഷയ് കെ.സി.

# വിശപ്പ്

ഒരിടത്ത്...

ഒരിടത്ത് നന്ദപുരം എന്ന ഗ്രാമം ഉണ്ടായിരുന്നു. അവിടെ ഒരു സ്കൂൾ ഉണ്ടായിരുന്നു. ആ സ്കൂളിൽ ആയിരുന്നു അശ്വിൻ എന്ന കുട്ടി പഠിച്ചിരുന്നത്. അവന്റെ വീട്ടിൽ ദാരിദ്ര്യം ആയിരുന്നു. അശ്വിന്റെ കുടുംബത്തിലെ ഗതി വളരെ ശോചനീയമായിരുന്നു. അവന്റെ അച്ഛൻ ഒരു ഫാക്ടറി തൊഴിലാളി ആയിരുന്നു. ഒരു നാൾ ഫാക്ടറിയിൽ നടന്ന ഒരു



വലിയ ദുരന്തത്തിൽ അവന്റെ അച്ഛന് സാരമായി പരുക്കേൽക്കുകയും അദ്ദേഹത്തിന്റെ രണ്ട് കാലുകളും നഷ്ടമാവുകയും ചെയ്തു. അതുകൊണ്ടുതന്നെ അവരുടെ കുടുംബം തകരുകയും അവന്റെ അമ്മ ആ കുടുംബത്തിന്റെ ചുമതല ഏറ്റെടുക്കുകയും ചെയ്തു. പലപല ജോലികൾ ചെയ്തും ആ അമ്മ ആ കുടുംബത്തെ മുന്നോട്ട് നീക്കി. എന്നാൽ ഇതൊന്നും അവന്റെ പഠനത്തിൽ ബാധിച്ചില്ല. ഒരു ദിവസം അവരുടെ ടീച്ചറായ രാജേഷ് സാർ പറയുകയായി. 'നിങ്ങൾക്ക് അറിയാവുന്ന ഏറ്റവും സ്വാദിഷ്ടമുള്ള ഭക്ഷണം ഏതാണ്? എല്ലാവരും പല പല ഭക്ഷ്യവിഭവങ്ങൾ പറഞ്ഞു. ഒരാൾ പറഞ്ഞു: അൽഫാം. മറ്റൊരാൾ പറഞ്ഞു: ബിരിയാണി, മറ്റൊരാൾ പറഞ്ഞു: കുഴിമന്തി, ബീഫ് അങ്ങനെ അങ്ങനെ. പക്ഷേ ഇതേ ചോദ്യം അശ്വിനോട് ചോദിച്ചപ്പോൾ പറഞ്ഞ ഉത്തരം വ്യത്യസ്തമായിരുന്നു. അവൻ പറഞ്ഞത് സ്വാദിഷ്ടമായ ഭക്ഷണം ചോറ് ആണ്. എല്ലാവർക്കും അപ്പോൾ അവൻ പറഞ്ഞതിന്റെ പൊരുൾ മനസ്സിലായില്ല. എന്നാൽ രാജേഷ് സാറിന് മനസ്സിലായി. അങ്ങനെ ദിവസങ്ങൾ കടന്നു. അങ്ങനെ ഒരു ഉച്ചദിവസം. കുട്ടികൾ എല്ലാം അവരവരുടെ ടിഫിനുകൾ തുറന്നു. പല പല ഭക്ഷണങ്ങൾ കൊണ്ട് അവ നിറഞ്ഞിരുന്നു. അശ്വിൻ അവന്റെ ടിഫിൻ തുറന്നു. പക്ഷേ അതിൽ ഒന്നും ഉണ്ടായിരുന്നില്ല. അവൻ അത് അടച്ച് പുറത്ത് പോകുന്നു. അവൻ സ്കൂളിലെ പൈപ്പിന്റെ അടുത്തുപോയി വെള്ളം കുടിച്ചു. അവൻ വെള്ളം കുടിച്ച് തിരിച്ച് വന്നു. അവൻ ആ ടിഫിൻ, ബാഗിൽ വയ്ക്കാനായി ടിഫിൻ എടുത്തു. അപ്പോൾ അവന് എന്തെന്നില്ലാത്ത ഭാരം അനുഭവപ്പെട്ടു. അവൻ അത് തുറന്നു നോക്കി. അതിൽ പല പല ഭക്ഷണങ്ങൾ ആയിരുന്നു. അവന്റെ സുഹൃത്തുക്കൾ അവന്റെ അവസ്ഥ മനസ്സിലാക്കി തന്ന സ്നേഹ സമ്മാനമാണിത്. അവന്റെ കണ്ണുകൾ നിറഞ്ഞു. അവൻ അത് കഴിച്ചു.

അങ്ങനെ പിറ്റേ ദിവസമായി. ക്ലാസ് കഴിഞ്ഞതിനുശേഷം രാജേഷ് സാർ ഒരു കാര്യം പറയുകയായി. നാളെ ഒരു ചിത്രരചന മത്സരമുണ്ട്. നല്ല ചിത്രം വരയ്ക്കുന്നവർക്ക് ജില്ലയിലേക്ക് മത്സരിക്കാൻ അവസരമുണ്ട് . താൽപര്യമുള്ളവർ പേര് കൊടുക്കുക. അങ്ങനെ സ്കൂൾ കഴിഞ്ഞു. അശ്വിൻ സ്കൂൾ വിട്ട് നടന്നു വരികയായിരുന്നു. അവൻ അവന്റെ സുഹൃത്തായ രാഹുലിനോട് ചോദിച്ചു. ഈ ചിത്രരചനാ മത്സരത്തിന് എന്തൊക്കെ സാധനങ്ങൾ വേണം? അതിന് ഒരു ഡ്രോയിംഗ് കളർ വേണം. രാഹുൽ പറഞ്ഞു.അതിന് എത്ര രൂപയാകും? അശ്വിൻ ചോദിച്ചു. ഇരുപത് രൂപയാകും. രാഹുൽ പറഞ്ഞു. അയ്യോ ഇരുപത് രൂപയോ. അശ്വിൻ ഒരു ഞെട്ടലോടെ ചോദിച്ചു. അയ്യേ എന്റെ പോക്കറ്റ് മണി തന്നെ ഇതിന്റെ ഇരട്ടിയുടെ ഇരട്ടിയാണ്. രാഹുൽ കുറച്ച് അഹങ്കാരത്തോടെ പറഞ്ഞു. നാളത്തെ മത്സരത്തിന് മിക്കവാറും ഞാൻ തന്നെയായിരിക്കും വിജയി. അല്ല ഞാൻ തന്നെയാണ് വിജയി. രാഹുൽ അഹങ്കാരത്തോടെ പറഞ്ഞു. ഒന്നും പറയുവാനാകാതെ അവൻ വീട്ടിലേക്ക് നടന്നു. അവൻ അമ്മയോട് ഈ കാര്യം പറഞ്ഞു. അമ്മ അതിന്റെ വില കേട്ട് ദേഷ്യപ്പെട്ടു. എന്നിട്ട് പറഞ്ഞു: നിന്നെയൊക്കെ ഇത്ര പഠിപ്പിക്കാൻ നോക്കിയതിന്റെ കഷ്ടപ്പാട് എനിക്കറിയാം. അപ്പോഴാണ് അവൻറെ ഒരു ഡ്രോയിംഗ് കളർ. അവന്റെ അമ്മ ദേഷ്യത്തോടെ പറഞ്ഞു. അവൻ രാത്രി ഒന്നും കഴിച്ചിരുന്നില്ല. അവന്റെ സങ്കടം അവന്റെ വിശപ്പിനെ ഇല്ലാതാക്കി. അങ്ങനെ രാവിലെയായി. അവൻ കണ്ണ് തുറന്നു നോക്കിയപ്പോൾ അതാ ടേബിളിൽ കളർ. അവന്റെ അമ്മ അവന് വാങ്ങിക്കൊടുത്ത ആദ്യ സമ്മാനം. അങ്ങനെ ചിത്രരചനാ മത്സരം ആരംഭിച്ചു. വളരെ വാശിയേറിയ മത്സരമായിരുന്നു അത്. മത്സരം അവസാനിച്ചു. രാജേഷ് സാർ പറഞ്ഞു. നാളെയാണ് ഇതിന്റെ റിസൾട്ട് വരുന്ന ദിവസം. ആ ദിവസം എത്തി. രാഹുൽ വിജയി ആയി അവൻ സ്വയം പ്രഖ്യാപിക്കാൻ തുടങ്ങി. പ്രിൻസിപ്പാൾ വിജയിയെ പ്രഖ്യാപിച്ചു. ചിത്രരചനാ മത്സരത്തിലെ വിജയി അശ്വിൻ. എല്ലാവരും ഞെട്ടിപ്പോയി. പ്രത്യേകിച്ച് രാഹുൽ. അശ്വിൻ വരച്ച ആ ചിത്രം എല്ലാവരേയും ആകർഷിക്കുന്നതായിരുന്നു. ഒരു ദരിദ്ര ബാലന്റെ ചിത്രം. അങ്ങനെ അശ്വിന് ട്രോഫി കിട്ടി. അവൻ പല ചിത്രരചനാ മത്സരങ്ങളിലും ജയിച്ചു. അവൻ ഒരു മികച്ച ചിത്രകാരനായി മാറി. ഈ രാജ്യം അറിയുന്ന ചിത്രകാരൻ. ഒരു ദിവസം അശ്വിൻ തന്റെ ജീവചരിത്രം ഒരു പുസ്തകമാക്കി. ആ പുസ്തകത്തിന് ’വിശപ്പ്’ എന്ന പേരിട്ടു. ജീവിതം ഇങ്ങനെയാണ്. ദുഃഖവും സന്തോഷവും ചേർന്നാലെ ആ ജീവിതത്തിന് ഒരു പരിപൂർണത ലഭിക്കുകയുള്ളൂ.



# ഒരു ടൂർണമെന്റ് അപാരത



അക്ഷയ് കെ.സി.

ഇന്നാണ് ആ ദിവസം. ഇന്ന് എനിക്കും എന്റെ സുഹൃത്തുക്കൾക്കും മറക്കാനാവാത്ത ദിവസമാണ്. ഇന്ന് ഒരു ഫുട്ബോൾ ടൂർണമെന്റ് ഉണ്ടായിരുന്നു. ഞങ്ങളുടെ ആദ്യത്തെ മത്സരം. ഞങ്ങൾ ഒരു അഞ്ചുപത്തുപേർ മത്സരം നടക്കുന്ന വയലിലേക്ക് പോയി. അഞ്ച്, പത്ത് ടീമുകളെ പ്രതീക്ഷിച്ച ഞങ്ങൽ കണ്ടത് ഞങ്ങൾ ഒഴികെ മൂന്ന് ടീമുകൾ ആയിരുന്നു ഉള്ളത്. ആദ്യമത്സരം ഞങ്ങൾക്കായിരുന്നു. ചെറിയ ഗ്രൗണ്ട് ആയതിനാൽ അഞ്ച് പേരെ ഇറങ്ങിയുള്ളൂ. ഞാൻ ഗോളി ആയിരുന്നു. കളി തുടങ്ങി. കുറച്ച് നിമിഷങ്ങൾക്കകം ഞങ്ങളുടെ ടീമിലെ താരമായ ധ്യാൻ ഗോൾ അടിച്ചു. ഹാഫ് ടൈം സ്കോർ 1-0. പക്ഷേ സെക്കന്റ് ഹാഫിൽ തിരിച്ചടിയായി. നിരവധി ഡിഫൻസീഫ് പിഴവുകൾ. ആദ്യത്തെ ഗോൾ നോക്കിനിൽക്കുക എന്നല്ലാതെ ആ പന്തിനെ ഒന്ന് തൊടാൻ പോലും എനിക്ക് സാധിച്ചില്ല. അങ്ങനെ രണ്ടാമത്തെ ഗോളും പോയി. അത് ഒരു വലിയ മണ്ടത്തരത്തിൽ നിന്നുവന്ന ഒരു ഗോൾ ആയിരുന്നു. പുറത്തേക്ക് പോകാൻ ഇരുന്ന പന്ത് ഒരു നിമിഷത്തെ തെറ്റ് കാരണം എന്റെ ടീമിലെ താരമായിരുന്ന ആൽവിൻ സ്വന്തം പോസ്റ്റിലേക്ക് അടിച്ചു. സ്കോർ 2-1. ഞങ്ങൾ ആ കളി തോറ്റു. അടുത്ത കളി ജയിച്ചാൽ മാത്രമേ പിന്നെയുള്ള കളികൾ കളിക്കാൻ സാധിക്കൂ. പക്ഷേ ഝാൻസി ടീം 5-0 വിന് തോൽപ്പിച്ച ടീമായതിനാൽ ഞങ്ങൾക്ക് പേടി ഉണ്ടായിരുന്നില്ല. ഞാൻ ഗോളിയിൽ നിന്നും ഡിഫൻഡറിലേക്ക് മാറി. ആ കളി ഞങ്ങൾ 2-0 വിന് ജയിച്ചു. അങ്ങനെ ഇപ്പോൾ ബാക്കിയായി 3 ടീമുകൾ ആയി. ഒരു ഭാഗ്യ നറുക്കെടുപ്പിനായി എല്ലാവരും ഒത്തുച്ചേർന്നു. അതിൽ പേര് കിട്ടുന്നവർക്ക് നേരെ ഫൈനലിൽ കയറാം. അങ്ങനെ നറുക്കെടുപ്പ് നടന്നു. പേര് വന്നത് ഝാൻസിയുടേതായിരുന്നു. ഞങ്ങളെ നേരത്തെ തോൽപ്പിച്ച ടീമുമായിരുന്നു മത്സരം. കളി തുടങ്ങി, നിമിഷങ്ങൾക്കകം ധ്യാൻ ഗോൾ അടിച്ചു. പക്ഷേ സെക്കന്റ് ഹാഫിൽ അവർ ഗോളടിച്ചു.



അങ്ങനെ കളി പെനാൽറ്റിയിലേക്ക് നീങ്ങി. രണ്ട് ടീമുകളുടെയും നാല് ഷൂട്ടുകളും പിഴച്ചു. ഇനി രണ്ട് ടീമുകൾക്കും ഒരേയൊരു ഷൂട്ട് ബാക്കി. അവസാന ഷോട്ട് എന്റേതായിരുന്നു. കളിയുടെ മുഴുവൻ പ്രഷറും എന്റെയടുത്ത്. ഞാൻ എന്റെ ഇടതുകാലുകൊണ്ട് ഒരു ഷോട്ട്. പോസ്റ്റിൽ തട്ടി ഗോൾ! ഞാൻ ആർപ്പുവിളിച്ചു. ഇനി അവർക്ക് ഒരു ഷോട്ടുകൂടി ബാക്കിയുണ്ടായിരുന്നു. എതിർ ടീം താരം ഒരു സൂപ്പർ ഷോട്ട്. അത് ഒരു തകർപ്പൻ സേവോടെ ആൽവിൻ ടീമിനെ വിജയിപ്പിച്ചു. പക്ഷെ ഫൈനലിൽ ഞങ്ങൾ ശക്തരായ ഝാൻസിയോട് തോറ്റു. പക്ഷേ തോറ്റിട്ടും ചെറുസന്തോഷത്തോടെ ഞങ്ങൾ മടങ്ങി.

# വിശപ്പ്

ഒരു ദിവസം രാവിലെ ചിലർ ബസ്സ്റ്റോപ്പിൽ ബസ് വരാനായി കാത്തുനിൽക്കുന്നു. അപ്പോൾ പത്ത്, പതിനൊന്ന് വയസ്സുള്ള ഒരു പെൺകുട്ടി അവിടേക്ക് വന്നു. അവൾ ധരിച്ചിരുന്ന വസ്ത്രം കീറിയതും അഴുക്കു പിടിച്ചതുമൊക്കെ യായിരുന്നു. അവിടെ നിന്ന വരോട് അവൾ ചോദിച്ചു. സാറേ.. രണ്ടു രൂപ തരുമോ..



അല്ലെങ്കിൽ വേണ്ട. ഒരു രൂപയെങ്കിലും തരുമോ.. രണ്ട് ദിവസമായി എന്തെങ്കിലും കഴിച്ചിട്ട്. എന്തെങ്കിലും താ... സാറേ... ഇതുപോലെ ആ കുട്ടി ദിവസവും ഉള്ളവരോട് പൈസ ചോദിക്കും. കുറച്ച് പൈസ കിട്ടിയാൽ അവൾ അവിടെ നിന്ന് പോകും. അടുത്തദിവസം അതിരാവിലെ തന്നെ അവൾ അതേ ബസ്റ്റോപ്പിൽ വന്ന് കഴിഞ്ഞ ദിവസങ്ങളിലെ പോലെ അവിടെയുള്ളവരോട് പൈസ ചോദിച്ചു. ആ ബസ്സ്റ്റോപ്പിൽ ഇതൊരു സ്ഥിരം കാഴ്ചയായിരുന്നു. ഒരിക്കൽ അശോക് കുമാർ എന്ന ഒരു ഹെഡ്മാസ്റ്റർ ആ ബസ്റ്റോപ്പിലേക്ക് വന്നു. ആ പെൺകുട്ടി എല്ലാ ദിവസത്തേയും പോലെ ഭിക്ഷ യാചിച്ച് നിന്നു. ആരും കൊടുത്തില്ല. അവിടെയുള്ള ഒരാൾ പറഞ്ഞു. പോ... പോ... ഇവിടെന്ന് പോവുന്നതാ നിനക്ക് നല്ലത്. നിനക്ക് വേറെ പണിയൊന്നുമില്ലേ. ദിവസവും ഭിക്ഷ ചോദിച്ച് വന്നിരിക്കുന്നു. ഇങ്ങനെ അവിടെ നിന്നവരൊക്കെ അവളെ ആട്ടി ഓടിച്ചു കൊണ്ടിരുന്നു. അശോകിന് തോന്നി ഈ പെൺകുട്ടിയുടെ കൈയ്യിൽ എന്തോ നന്മയുണ്ടെന്ന്. അന്ന് കുട്ടിക്ക് വളരെ കുറച്ച് പൈസ മാത്രമേ കിട്ടിയിരുന്നുള്ളൂ. അവൾ ആ പൈസയുമെടുത്ത് മടങ്ങിപോകാൻ തുടങ്ങി. പെട്ടെന്ന് പോകുന്നവഴി ഒരു കല്ലിൽ തട്ടി അവൾ വീണു. അവിടെ നിന്നവരൊന്നും തിരിഞ്ഞ് നോക്കിയില്ല. അന്ന് അവൾക്ക് കിട്ടിയ പൈസയൊക്കെ റോഡിൽ വീണു. അവൾ കരഞ്ഞുകൊണ്ട് പൈസ പെറുക്കിയെടുത്തു. കുറച്ച് മാത്രമേ പൈസ കിട്ടിയിരുന്നുള്ളൂ. കരഞ്ഞു കൊണ്ട് അവൾ പോകാനിരിക്കുമ്പോഴാണ്

ഇതെല്ലാം കണ്ടുനിൽക്കുന്ന അശോക് ഓടി വന്നത്. അദ്ദേഹം പെൺകുട്ടിയെ സമാധാനിപ്പിച്ചു. എന്നിട്ട് ഇങ്ങനെ പറഞ്ഞു. ഒന്നൂല്ല മോളേ. നീ കരയണ്ട. അയാൾ ചിന്തിച്ചു. ഈ കുട്ടിക്ക് കുറച്ച് പൈസ കൊടുത്താലോ എന്ന്. എന്നിട്ട് ചോദിച്ചു. നീ ഈ കാശ് കൊണ്ട് എന്താ ചെയ്യുകാ... അപ്പോൾ പെൺകുട്ടി പറഞ്ഞു. സാറേ ഞാൻ ആ പൈസ കൊണ്ട് എന്റെ അമ്മയ്ക്കും എന്റെ കൊച്ചനുജനും ഭക്ഷണം വാങ്ങിക്കും. അപ്പോൾ



അശോകന് വല്ലാതെ സങ്കടമായി. അവളുടെ വാക്കുകൾ കേട്ട്. ശരി വാ.. നിനക്ക് ഞാൻ ഭക്ഷണം വാങ്ങിച്ചുതരാം. അദ്ദേഹം അവൾക്ക് ഭക്ഷണം വാങ്ങിച്ചുകൊടുത്തു. ഭക്ഷണം വാങ്ങി പെൺകുട്ടി അവിടെ നിന്ന് പോയി. അവളുടെ വീട്ടിലേക്കായിരുന്നു പോയത്. സന്തോഷത്തോടെ വീട്ടിൽ കയറിചെന്നു. അവളും അനുജനും അമ്മയും കൂടി വിശപ്പോടെ ആ ഭക്ഷണം വാരി വാരി കഴിച്ചു. അമ്മ ചോദിച്ചു. ഇത് എവിടുന്നാ ഈ ഭക്ഷണം. ഇത്രയുമധികം പൈസ കിട്ടിയോ നിനക്ക്. അവൾ പറഞ്ഞു. ഇല്ലമ്മേ... പൈസ കുറച്ചേ കിട്ടിയുള്ളൂ. അത് ഞാൻ ഒരു കല്ലിൽ കാൽതട്ടി വീണ് എല്ലാം വീണുപോയി. വളരെ കുറച്ച് പൈസയേ കിട്ടിയുള്ളു. അമ്മ പറഞ്ഞു. അയ്യോ... എന്നിട്ട് എന്റെ പൊന്നുമോൾക്ക് എന്തെങ്കിലും പറ്റിയോ.... എത്ര കഷ്ടപ്പെട്ടാണ് ഈശ്വരാ.. എന്റെ കുഞ്ഞ് ഒരു നേരത്തെ വിശപ്പ് മാറ്റുന്നത്. എന്നിട്ടെന്താ... സംഭവിച്ചത്. അമ്മേ... എനിക്കൊന്നും പറ്റിയിട്ടില്ല. അവിടെ ബസ്സ്റ്റോപ്പിൽ ഉള്ള ഒരു നന്മയായ ഒരാൾ വന്ന് ഞാൻ കരയുന്നത് കണ്ടിട്ട് സമാധാനിപ്പിച്ചു. അയാളാ അമ്മേ.. ദൈവത്തെപ്പോലെ വന്നിട്ട് എനിക്ക് ഭക്ഷണം വാങ്ങിച്ചുതന്നത്. എന്റെ മോളുടെ സങ്കടം ആർക്കെങ്കിലും മനസ്സിലായല്ലോ.... അമ്മ പറഞ്ഞു. സന്തോഷത്തോടെയും സങ്കടത്തോടുകൂടിയും അവർ ഭക്ഷണം കഴിച്ചു. ദൈവത്തെപോലെ വന്ന അയാൾ തിരിച്ചുപോയോ മോളേ.... എന്നമ്മ ചോദിച്ചപ്പോൾ കുട്ടി പറഞ്ഞു. ഹാ... പോയി അമ്മേ... അങ്ങനെ പെൺകുട്ടി നല്ലൊരു നാളെ ഉണ്ടാവും എന്ന് കരുതി ക്കൊണ്ട് പതിവ് പോലെ തുടർന്നു.

ഇങ്ങനെയുള്ളവർ നമ്മുടെ സമൂഹത്തിൽ എത്ര കാണും. നമ്മളെല്ലാവരും അവർക്ക് നല്ല രീതിയിൽ സഹായം ചെയ്തു കൊടുക്കണം.

# പട്ടം



അവന്തിക കെ കെ

ഒരിക്കൽ ഒരു കുട്ടി പട്ടം പറത്തി കളിക്കുകയായിരുന്നു. അപ്പോൾ അവൾക്ക് അതുപോലെ പറക്കണമെന്ന് ആഗ്രഹം. എല്ലാവരോടും അവൾ ചോദിച്ചപ്പോൾ ആരും സമ്മതം മൂളിയില്ല. പക്ഷെ അവൾ എതിർത്ത് ചിറകുണ്ടാക്കാൻ തുടങ്ങി. അങ്ങനെ അതിന് വേണ്ടി കുറച്ച് പണം ശേഖരിച്ചു. ആ പണം കൊണ്ട് അവൾക്ക് പറക്കാൻ വേണ്ടിയുള്ള സാധനങ്ങൾ വാങ്ങിച്ച് ഉണ്ടാക്കുകയും ചെയ്തു. അതുവെച്ച് പറക്കാൻ മലമുകളിൽ കയറി. ആ ചിറക് വെച്ച് പറക്കാൻ ഒരുങ്ങി. അങ്ങനെ പെട്ടെന്ന് ആ ചിറക് ചെറുതായത് കാരണം പറക്കാൻ സാധിച്ചില്ല. ഒരു കാട്ടിനകത്ത് കുടുങ്ങി. അവൾ കുറേ വിളിച്ചു. പക്ഷെ ആരും കേട്ടില്ല. അവളുടെ കാലിന് വലുതായ ഒരു മുറിവുണ്ടായിരുന്നു. അത് കാരണം അവൾക്ക് നടക്കാൻ സാധിക്കുകയില്ല. ആ കാരണത്താൽ അവൾ ഒരു ദിവസം ഫുഡ് കഴിക്കാതെ ഇരുന്നു. നാട്ടുകാരും വീട്ടുകാരും അവളെ അന്വേഷിക്കാൻ തുടങ്ങി. അങ്ങനെ അന്വേഷിച്ച് അന്വേഷിച്ച് ഒരുവിധം അവളെ കണ്ടെത്തി. കുറ്റിക്കാട്ടിന്റെ നടുവിൽ നിന്നായിരുന്നു കിട്ടിയത് അവളുടെ മുറിവുകളെല്ലാം മാറി. സുഖമായി ജീവിക്കുന്നു. എല്ലാവരും പറയുന്നത് അനുസരിക്കണം.





സായന്ത് കെ.പി.

# അയാൾക്ക് ഭ്രാന്തുണ്ടായിരുന്നു

ഒടുവിൽ ഭ്രാന്തൻ എന്ന് കേട്ടാൽ ഞങ്ങൾ കുട്ടികൾ വിറയ്ക്കും. തല മൊട്ടയടിച്ച് മുഷിഞ്ഞ മുണ്ടുടുത്ത് തടിച്ചുവീർത്ത് ബ്ലാ.. ബ്ലാന്ന് വർത്തമാനം പറയുന്ന ഒരാൾരൂപം. ശരീരത്തിലെവിടെയെങ്കിലും എപ്പോഴും ഒരു വച്ചുകെട്ടൽ. മുറിവോ വ്രണമോ വിടാതെ യുണ്ടാകും.



അയാൾ റോഡിലൂടെ നടന്നുപോയാൽ കുട്ടികൾ കളിനിർത്തി നിശ്ശബ്ദരാകും. ചിലർ സ്കൂൾ വരാന്തയിലേക്കോടും. ചില വികൃതിക്കുട്ടികൾ മരത്തിന് മറഞ്ഞുനിന്ന് അയാളെ കല്ലെറിയും. എറിഞ്ഞ കല്ല് പിടിച്ച് അയാൾ തിരിച്ചെറിയും. എറിഞ്ഞ കഥ പുറത്തറിഞ്ഞാൽ ആ കുട്ടിക്ക് ചൂരലടി ഉറപ്പാണ്.

ഭ്രാന്തനെ തുറന്നുവിടാറില്ലത്രെ. ഇരുട്ടുമുറിയിൽ പൂട്ടിയിടുംപോലും. അയാളെക്കുറിച്ച് നിറം പിടിപ്പിച്ച കഥകൾ ഞങ്ങൾ അത്ഭുതം പോലെ കേട്ടു.

'കോഴിയെ പിടിച്ച് പിടലി കടിച്ചുമുറിച്ച് ചോര കുടിക്കുംപോലും. പ്ലാവിൽ കയറിയിരുന്ന് ഒരു വരിക്കച്ചക്ക മുഴുവൻ തിന്നുംപോലും. തെങ്ങിൽ കയറി ഇളനീർ അവിടെയിരുന്ന് തന്നെ കുടിക്കുംപോലും...'

ഒരു ദിവസം സ്കൂളിന് മുമ്പിലൂടെ അയാൾ അതാ... തല കുനിച്ച് നടന്നുപോകുന്നു. ഞങ്ങൾ കളി നിർത്തി മിണ്ടാതെ നിന്നു. അപ്പോഴാണ് മന്തൻ തോമസ് കുഞ്ഞ് കല്ലെടുക്കുന്നത് ഞാൻ കണ്ടത്. നെല്ലിമരത്തിന് മറഞ്ഞ് നിന്ന് അവനെറിയാൻ വട്ടം കൂട്ടി എറിയുന്നത് അയാൾ നിന്നെ കൊല്ലും. ഉച്ചത്തിലാണ് ഞാനത് പറഞ്ഞത്. അയാളത് കേട്ടു. തിരിഞ്ഞുനിന്നു. എറിയാൻ നിന്ന തോമസിന്റെ കയ്യിൽ നിന്ന് കല്ല് വാങ്ങി ഞാൻ താഴെയിട്ടു. പിന്നെ അയാളൊന്നും പറഞ്ഞില്ല. ചുമ്മാതെ നടന്നുപോയി.

എന്റെ ശ്വാസം നേരെ വീണു. സ്കൂൾ വിട്ടുപോകുമ്പോൾ അതാ അയാൾ കല്ലിലിരിക്കുന്നു. അതുവഴി പോകണോ? വേറെ വഴിയില്ല. ഞങ്ങൾ പരുങ്ങി. അയാൾ കുനിഞ്ഞിരുന്ന് കാലിലെ ചൊറി കുത്തുകയാണ്.

അയാളെങ്ങാനും എഴുന്നേറ്റാൽ, ഓടാൻ പാകത്തിൽ ഞങ്ങൾ ശ്വാസം പിടിച്ച് സ്റ്റഡിയായി നടന്നു. ഇടയ്ക്കെപ്പോഴോ ഞാൻ അയാളുടെ മുഖത്ത് നോക്കിപ്പോയി. ഉള്ളൊന്ന് കാളി. അയാൾ നോക്കിയത് എന്റെ കണ്ണിൽ തന്നെ. പെട്ടെന്നാണ് അയാൾ ചിരിച്ചത്. പല്ലിനിടയിൽ എന്തൊക്കെയോ പറ്റിപ്പിടിച്ചിരിക്കുന്നു. ആ ചിരി അപൂർവ്വ വികൃതമായ ചിരിയായിരുന്നു. എങ്കിലും അതെനിക്കിഷ്ടമായി. അയാൾക്ക് ഭ്രാന്തില്ല. അയാൾ ആരേയും ദ്രോഹിക്കുകയില്ല. ഞങ്ങൾ കുട്ടികൾ കുറേയധികം ദൂരെയെത്തിയപ്പൾ തിരിഞ്ഞുനോക്കി. അയാളവിടെയില്ല!

രാത്രി ഉറങ്ങാൻ കിടന്നപ്പോഴും അയാളുടെ ചിരിയുണ്ടായിരുന്നു. ഭ്രാന്തന്റെ കാര്യം ഞാൻ അമ്മയോട് പറഞ്ഞു. ഭ്രാന്തനായാലും പട്ടിയായാലും പശുവായാലും ആരും പോകരുത്. പിറവിയിലെ അവനങ്ങനാ.. അതൊരു സൂക്കേടാ... മോൻ അവനെ എറിഞ്ഞേക്കരുത് കേട്ടോ. അമ്മ പറഞ്ഞതു ഞാൻ മൂളിക്കേട്ടു.

സ്കൂളിന്റെ പടിഞ്ഞാറേ വിശാലമായ പറമ്പിലാണ് അവന്റെ വീട്. പറമ്പിൽ നിന്ന് ഒരു വലിയ ചാമ്പമരം വേലിയും കടന്ന് ഇടവഴിയിലേക്ക് പന്തലിച്ച് കായ് പിടിച്ചുനിൽപ്പുണ്ട്. ചിലപ്പോഴൊക്കെ ഞങ്ങൾ പൊഴിഞ്ഞ ചാമ്പപ്പൂക്കൾ പെറുക്കി ത്തിന്നാൻ അവിടെ ആരും കാണാതെ പോകും. ചാമ്പപ്പൂവിന്റെ ചുവന്ന നാരുകൾ വഴിയിൽ കൊഴിഞ്ഞുകിടക്കുന്നത് കാണാൻ നല്ല ഭംഗിയാണ്. ചുവന്ന നാരിന് നല്ല പുളി രസമാണ്. ചവയ്ക്കുന്തോറും പുളിക്കും.

ആരും കാണാതെ ഞങ്ങൾ മൂന്നുനാല് കുട്ടികൾ ഇടവഴിയിലെ ചാമ്പത്തണലിൽ മിണ്ടാതെ നിന്നു. ആരെങ്കിലും കണ്ടാൽ വഴക്ക് പറയും. അവരുടെ വീട്ടിലെ വലിയ നായ കണ്ടാൽ കുരച്ച് ബഹളം വയ്ക്കും. കൊതിയോടെ ഞാൻ മുകളിലേക്ക് നോക്കി. ഒരു മുഴുത്ത ചാമ്പയ്ക്ക കിട്ടിയിരുന്നെങ്കിൽ വെറുതെ ആശിച്ചു. എന്റെ നേരെ ഒരു ചാമ്പയ്ക്ക് വീഴുന്നു. എന്തൊരു വലുപ്പം! പുറകെ രണ്ടെണ്ണം കൂടി. എല്ലാം വീഴുകയാണ്. ഇലകൾക്കിടയിലേക്ക് ഞാൻ പാളി നോക്കി.

ഭ്രാന്തൻ! വികൃതമായ ആ ചിരിയുടെ സൗന്ദര്യം നോക്കി നിൽക്കുമ്പോൾ ഏതോ പ്രേരണ പോലെ ഞാനും ചിരിച്ചു. കൂട്ടുകാരെല്ലാം ചാമ്പയ്ക്ക പെറുക്കി പോക്കറ്റിലാക്കി കഴിഞ്ഞിരുന്നു. മതിയോ? ഭ്രാന്തൻ ചോദിക്കുന്നു. ഇനീം വേണേ തരാം. പിടിച്ചോ.. തുരുതുരെ ചാമ്പയ്ക്കാ താഴെയെത്തുന്നു.

എന്തൊരു ചിരിയായിരുന്നു അയാൾക്ക്. കൂട്ടുകാരെല്ലാംകൂടി വാർത്ത സ്കൂളിൽ പാട്ടാക്കി. അയാൾക്ക് ഭ്രാന്തില്ല. വല്ലാത്തൊരു നൊമ്പരമായി ഭ്രാന്തന്റെ ചിരി മറക്കാൻ കഴിയാതെ ഇന്നും മനസ്സിലുണ്ട്.

# വെൺമല



മന്യുദേവ് കെ. മനോജ്

കുറച്ച് കാലങ്ങൾക്ക് മുൻപ് ഒരു പരിപാടിയിൽ പ്രസംഗിക്കുകയായിരുന്നു പ്രൊഫ. എസ്. നീലകണ്ഠൻ സാർ. അദ്ദേഹം ഒരു പ്രകൃതി നിരീക്ഷകനും പോരാതെ ഇന്ത്യ മുഴുവൻ സഞ്ചരിച്ച ഒരു സഞ്ചാരിയും കൂടിയായിരുന്നു.

അതിനിടെ ഒരു  പ്രവർത്തകൻ അദ്ദേഹത്തോട് ചോദിക്കുകയാണ്. ഇത്രയൊക്കെ സഞ്ചരിച്ചതിൽ താങ്കളെ ആകർഷിച്ച ഒരു കാര്യം എന്താണ്. അപ്പോൾ നീലകണ്ഠൻ സാർ പറയുകയാണ്. ഇത്രയൊക്കെ യാത്ര ചെയ്തതിൽ എന്നെ തഴുകിയ ഒരു യാത്രയുണ്ടായിരുന്നു. അപ്പോൾ പത്രപ്രവർത്തകൻ അത് എന്താണെന്ന ആകാംക്ഷയിൽ അദ്ദേഹത്തോട് ചോദിച്ചു. ആ യാത്ര ഏതാണെന്ന്? അപ്പോൾ അദ്ദേഹം അത് നേരിട്ട് വെളിപ്പെടുത്തില്ലായെന്ന് പറഞ്ഞു. പക്ഷെ അതിലേക്കുള്ള ഒരു സൂചകം പറഞ്ഞുതരാമെന്ന് നീലകണ്ഠൻ സാർ പറയുകയായിരുന്നു. അതായത്, 'നീലാകാശത്തെ തഴുകാൻ വെമ്പുന്ന മേഘക്കൂട്ടംപോലെ' എന്ന് പറഞ്ഞ് അദ്ദേഹം അദ്ദേഹത്തിന്റെ വാക്കുകൾ അവസാനിപ്പിച്ചു.

ഒരു സ്കൂളിൽ പരിപാടിയായിരുന്നു അത്. അതിൽ ഒരു കുട്ടിക്ക് ഈ വാക്കുകൾ വല്ലാതെ സ്വാധീനിച്ചു. അവന് യാത്രകളോട് താല്പര്യമുണ്ടായിരുന്നു. ആ കുട്ടിക്ക് ഈ വാക്കുകളിലുള്ള നിഗൂഢത പുറത്തുകൊണ്ടുവരാൻ താല്പര്യമുണ്ടായിരുന്നു. ആ കുട്ടി അതിനായി കഷ്ടപ്പെട്ട് കുറേ പുസ്തകങ്ങൾ വായിച്ചു. പക്ഷെ അതിൽ നിന്നൊന്നും ആ വരികളുടെ പൂർണ്ണത കുട്ടിക്ക് കിട്ടിയില്ല. കുട്ടിക്ക് അറിയാമായിരുന്നു ഇത് ഒരു സഞ്ചാരികളുടെ സ്ഥലമാണെന്ന്. കാരണം ഏറ്റവും നല്ല ഒരു സഞ്ചാരിയാണ് നീലകണ്ഠൻ സാർ.

ഒടുവിൽ അവൻ അവന്റെ വിദ്യാഭ്യാസത്തിലെ ഒരു വലിയ കടമ്പ കടന്ന് കോളേജ് കാലഘട്ടത്തിലേക്കെത്തി. അവന്റെ പരിസ്ഥിതി സൗഹൃദപഠനത്തിന് പഠിപ്പിക്കാൻ നീലകണ്ഠൻ സാറായിരുന്നു. അവൻ ഒരു പ്രാവശ്യം സാറിനോട് സംസാരിച്ചു. അവൻ സംസാരിച്ചത് സാറിന്റെ അന്നത്തെ പ്രസംഗത്തിലെ വരിയെപ്പറ്റിയും, ആ വരിയും യാഥാർത്ഥ്യത്തെപ്പറ്റിയുമായിരുന്നു. അതുപോലെ ആ വരിയുടെ അന്വേഷണത്തെക്കുറിച്ചുമാണ്. അവൻ സാറിനോട് കേണപേക്ഷിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞത് മോനെ, ഒരു അന്വേഷണം യാഥാർത്ഥ്യമാകണമെങ്കിൽ അതിന്റെ ഉറവിടം കണ്ടുപിടിക്കണം എന്നതാണ്. എന്റെ അഭിപ്രായം ആ സ്ഥലം സ്വർഗ്ഗജാലകമാണ്. അവിടെ പോയാൽ മാത്രമേ, ആ ഒരു കാഴ്ച കണ്ടാൽ മാത്രമേ ജീവിതം സഫലമാകൂ എന്നതാണ് എന്റെ അഭിപ്രായം.



സാറിന്റെ ഓരോ വാക്കുകളിലൂടെ കടന്നുപോയിട്ടും ആ മഹാസത്യം ആ കുട്ടിക്ക് തിരിച്ചറിയാൻ സാധിച്ചില്ല. ഒരുപാട് കാലം ആ കുട്ടി അതിനുവേണ്ടി അലഞ്ഞുതിരിഞ്ഞു.

അതിനിടയിൽ കോളേജിൽ നിന്നും വിനോദയാത്ര പോകുവാൻ വേണ്ടി തീരുമാനിച്ചു. അവൻ അപ്പോൾ പോകേണ്ടായെന്ന് വെച്ചുവെങ്കിൽ കൂട്ടുകാർ സമ്മതിച്ചില്ല. അങ്ങനെ അവനും ഒരു ഊർജ്ജമായി. കാരണം പോകുന്ന വഴിയിലെങ്ങാനും ആ അന്വേഷണം സഫലമായാലോ എന്ന് അവൻ പ്രതീക്ഷിച്ചു.

അങ്ങനെ കോളേജിൽ നിന്ന് അവർ കാശ്മീരിലേക്ക് പോകാൻ തീരുമാനിച്ചു. നീലകണ്ഠൻ സാറിനോട് അവൻ പോയി ചോദിച്ചു. വിനോദയാത്രയ്ക്ക് വരുന്നില്ലേയെന്ന്. അപ്പോൾ സാർ അവനോട് സുഖമില്ലെന്ന് പറഞ്ഞു. അതിനു ശേഷം അവൻ പറഞ്ഞു, ഞാൻ എന്റെ അന്വേഷണം സഫലീ കരിക്കാൻ പോകുകയാണോയെന്ന് എനിക്ക് സംശയമുണ്ടെന്ന്. അവൻ അങ്ങനെ കോളേജിൽ നിന്ന് വിനോദയാത്രയ്ക്ക് പോയി. പോകുന്ന വഴികളിൽ മുഴുവൻ ആ സ്ഥലത്തിനുവേണ്ടി അവൻ തിരഞ്ഞു.

രണ്ടുദിവസത്തെ യാത്രയ്ക്ക് ശേഷം അവർ ഒരു മനോഹരമായ തടാകത്തിൻ്റെ അടുത്തെത്തി. എല്ലാവരും ഫോണിലും ക്യാമറയിലും ആ സ്ഥലത്തിന്റെ മനോഹാരിത പകർത്തുമ്പോൾ അവൻ തിരച്ചിലിന്റെ മനോഹാരിത പകർത്തിയ ഒരു കൂട്ടുകാരൻ അവന്റെ അടുത്തെത്തി. അവൻ എടുത്ത മനോഹരമായ ഒരു ഫോട്ടോ കാണിച്ചുകൊടുത്തു. അത് പക്ഷെ അവന് താല്പര്യമുണ്ടാക്കിയില്ല. കാരണം അവൻ തിരയുകയായിരുന്നല്ലോ. അത് പറഞ്ഞപ്പോൾ അവന്റെ കൂട്ടുകാരന് വിഷമമായി.

ഒരു പാറക്കെട്ടിൽ അതിന്റെ ഒരു വശത്ത് മാറി ദുഃഖിച്ച് അവന്റെ കൂട്ടുകാരൻ ഇരുന്നു. അവന്റെ കൂട്ടുകാരൻ ഇരിക്കുന്നത് കണ്ടപ്പോൾ അവനെ ആശ്വസിപ്പിക്കാൻ വേണ്ടി, ക്യാമറ താ ഫോട്ടോ നോക്കട്ടെ എന്ന് അവൻ പറഞ്ഞു. ആ ഫോട്ടോയിൽ അവൻ ആ സ്വർഗ്ഗ ജാലകം കണ്ടു. അവൻ നേരെ നോക്കിയപ്പോൾ ഉയരങ്ങളിൽ പൈൻമരക്കാടുകൾ നിറഞ്ഞ് തേജസ്സോടെ കാണുകയാണ്. 'ഹിമാലയം' സാർ പറഞ്ഞതിനേക്കാൾ സൗന്ദര്യം അതിന്റെ താഴ്‌വരകളിലൂടെ ഞങ്ങൾ നടന്നു. അപ്പോൾ അവന് മനസ്സിലായി. ജീവിതം ആരെങ്കിലും ആസ്വദിച്ചിട്ടുണ്ടെങ്കിൽ അത് ഹിമാലയം കീഴടക്കിയവരായിരിക്കുമെന്ന്. നടപ്പാതയിൽ ഒരു ശിവലിംഗം കണ്ട് അതിന് മുകളിൽ കൈകൂപ്പി വണങ്ങി ആ വെൺമലയെ!',



# ഏകാന്തതയുടെ തീ നാളം



റിൻഹ ഫാത്തിമ

അവൾ നടപ്പ് വേഗത്തിലാക്കി. കിട്ടിയ പൈസ അമ്മയെ കാണിക്കണം. ഒരുപക്ഷേ അമ്മ അപ്പോൾ തന്നെ, എന്നെ കെട്ടിപ്പിടിച്ച് ചുംബിച്ചേക്കാം. അവൾ നടക്കുന്തോറും ഹൃദയമിടിപ്പ് കൂടി വന്നു. അമ്മ വാതിൽപ്പടിയിൽ തന്നെ കാത്തുനിൽപ്പുണ്ടായിരുന്നു. അവൾ വന്നപാടെ ചുരുട്ടിപ്പിടിച്ച പണമെടുത്ത് അമ്മയ്ക്ക് കൊടുത്തു. 30 രൂപ. തന്റെ മനസ്സിലെ ചിത്രം പോലെ തന്നെ. അമ്മ അവളെ കെട്ടിപ്പുണർന്നു. ഈറനണിഞ്ഞ കണ്ണുകളോടെ അവളുടെ കവിളിൽ ചുംബിച്ചു. അന്ന് അവിടെ കഴിക്കാൻ ഒന്നും ഇല്ലായിരുന്നു.



അതിനാൽ അവൾ പായിൽ ചുരുണ്ടുകൂടി കിടന്നു. അത് അവൾക്കൊരു പ്രശ്നമല്ലായിരുന്നു. കാരണം അവളുടെ ചെറിയ വയറ്റിൽ അത് ശീലമായിരുന്നു. ആ ചോരുന്ന കൂരയിൽ നിന്നും അമ്മ ഏന്തി ഏന്തി അവളുടെ അടുക്കൽ വന്നു ചോദിച്ചു: എന്ത് പണിയ എന്റെ കുട്ടി ചെയ്തത്? അവൾ തന്റെ കിടക്കയിൽ നിന്നു എഴുന്നേറ്റിരുന്നു. എന്നിട്ട് പറഞ്ഞു. ഞാൻ ചെന്നപ്പോൾ ഒരു വലിയ വീട്ടിലെ ചേച്ചി പറഞ്ഞു. മുറ്റത്തെ പുല്ല് പറിക്കണമെന്ന്. പിന്നെ വണ്ടി കഴുകി. എനിക്ക് വയർ നിറയെ കഴിക്കാൻ ചോറും തന്നു. അവരുടെ കണ്ണുനിറഞ്ഞു. പെട്ടെന്ന് അവൾ ചോദിച്ചു: അമ്മ ഉച്ചയ്ക്ക് എന്തെങ്കിലും കഴിച്ചോ? അവർ തലയാട്ടി. അവരുടെ മറുപടി കഴിച്ചു എന്നായിരുന്നെങ്കിലും അന്ന് അമ്മ ഒന്നും കഴിച്ചില്ല. എന്നാൽ കണ്ണുകളിൽ നിന്ന് അവൾക്ക് ബോധ്യമായി. പിന്നെയും അവൾ തുടർന്നു. കുറേ തുണികൾ അലക്കാൻ തന്നു. അപ്പോഴേക്കും സമയം വൈകി. അവർ പൈസയും തന്ന് എന്നെ ഇറക്കിവിട്ടു. അപ്പോൾ തന്നെ ഞാൻ എന്റെ അമ്മയുടെ അടുക്കലിലേക്ക് ഓടി വന്നു. അവൾ പായിൽ വീണ്ടും കിടന്നു. അവളോർത്തു, രണ്ട് ആഴ്ച മുമ്പാണ് തങ്ങളുടെ എല്ലാമെല്ലാമായ അച്ഛൻ മരിച്ചത്. എങ്ങനെയാണെന്ന് അറിയില്ല. സന്ധ്യ ആയപ്പോഴാണ് അറിയണത്. തന്റെ കുടുംബമെന്ന ചിന്തയുള്ള ആയിരുന്നു. കാലിൽ വയ്യാത്ത ഭാര്യയും പത്ത് വയസ്സ് പ്രായമുള്ള മിനുവിനെയും അയാൾ ദുഃഖമറിയാതെ നോക്കിയിരുന്നു. ആ ചെറിയ കുടിലിൽ എന്നും സന്തോഷത്തിന്റെ ദിനങ്ങളായിരുന്നു.

അപ്രതീക്ഷിതമായി ഉണ്ടായ ദുരന്തം മീനുവിന്റെയും അമ്മയുടെയും ജീവിതത്തെ താറുമാറാക്കി. അമ്മക്ക് ജോലിചെയ്ത് ജീവിക്കേണ്ട കഴിവില്ല. മീനുവിന് പഠിപ്പ് പാതിവഴിയിൽ നിർത്തേണ്ടിവന്നു. അവരുടെ ഈ ദയനീയ അവസ്ഥ കണ്ടാണ് അയൽപക്കത്തെ ശാരദ ചേച്ചി ഒരു ജോലി തരപ്പെടുത്തി കൊടുത്തത്.

പിറ്റേന്നും അവൾ വളരെ ഉത്സാഹത്തോടെ ജോലിക്ക് പോയി. അന്ന് വളരെ വൈകിയാണ് തിരികെ വന്നത്. വൈകുന്നതിന് അനുസരിച്ച് അമ്മയ്ക്ക് ഭയമായി. അവസാനം അവൾ എത്തിയപ്പോൾ അവളുടെ മനസ്സിൽ മിന്നൽ കടന്നുപോയി. തന്റെ കുട്ടി ക്ഷീണിച്ച് ജോലിചെയ്ത് മുഖത്ത് ഒരു ചിരിയുമായി കയറിവന്നു. കൈയിൽ ഒരു സഞ്ചിനിറയെ സാധനവും. അത് അവൾ അമ്മയുടെ കൈയിൽ കൊടുത്തു. ഇന്ന് 100 രൂപ കിട്ടി. അവർക്ക് എന്റെ ജോലി ഇഷ്ടമായി. കടയിലും കൂടി പോയതു കൊണ്ടാണ് വൈകിയത്.

തന്റെ മകളെ ഓർത്ത് അഭിമാനവും സങ്കടവും സന്തോഷവും കൊണ്ട് അമ്മയുടെ മനസ്സ് നിറഞ്ഞു. അന്നത്തെ ദിവസം അമ്മയും മകളും ഏറെ സന്തോഷത്തോടെ ഉറങ്ങാൻ കിടന്നു. പിറ്റേന്ന് ജോലിക്ക് പോകാൻ തുടങ്ങവെ അപ്രതീക്ഷിതമായ പേമാരിയും കാറ്റും ഉണ്ടായിരുന്നു. മോളേ ജോലിക്ക് പോകണ്ട എന്ന് അമ്മ പറഞ്ഞു. എന്നാൽ മഴയുടെ ശക്തി കുറഞ്ഞപ്പോൾ അമ്മയോട് യാത്ര പറഞ്ഞ് അവൾ ഇറങ്ങി. അമ്മ തന്റെ പൊന്നോമന കണ്ണിൽ നിന്ന് മറയുന്നത് വരെ നോക്കി നിന്നു.

എന്നാൽ മഴയുടെ ശക്തി കൂടി വന്നു. എന്നത്തേയും പോലെ അവൾക്ക് വീട്ടിൽ എത്താൻ കഴിഞ്ഞില്ല. ആ മഴയെ വകവെക്കാതെ മീനു തന്റെ അമ്മയുടെ അടുക്കലേക്ക് ഓടി. തന്റെ കുടിലിന്റെ മുമ്പിൽ ധാരാളം ആളുകൾ തടിച്ചുകൂടി നിൽപ്പു ണ്ടായിരുന്നു. മീനുവിന് അരികിൽ എത്തിയപ്പോൾ കാണുന്നത് വളരെ ഹൃദയവേദനയായിരുന്നു. തന്റെ വീട്ടിലിരുന്ന സ്ഥലത്ത് ചെളിയും വൻപാറകളും കൊണ്ട് നിറഞ്ഞിരുന്നു.

നിങ്ങളാരെങ്കിലും എന്റെ അമ്മയെ കണ്ടോ? അവിടെ കൂടി നിന്ന ആളുകളോട് അവൾ ചോദിച്ചു. പക്ഷേ ആരും അവൾക്ക് അനുകൂലമായി മറുപടി പറഞ്ഞില്ല. ചെളിപൂണ്ട മണ്ണിൽ അവൾ തന്റെ അമ്മയെ തിരഞ്ഞു.

എവിടെ എന്റെ അമ്മ.... അമ്മേ.... അമ്മേ.... അമ്മയുടെ മകൾ എത്തിയിരിക്കുന്നു.

അവളുടെ കൈയിൽ നിന്ന് ഒരു പൊതി വീണു. അതിൽ പഴയ രണ്ട് സാരി ആയിരുന്നു. ആരോരുമില്ലാത്ത ആ പെൺകുട്ടി ഏകാന്തതയുടെ തീ നാളമായി ജീവിക്കുന്നു...

# മിടുക്കിപ്പെണ്ണ്



ആദില ഫർഹത്ത്

നേരം പുലർന്നു. അമ്മു വേഗം എഴുന്നേറ്റ് പ്രഭാത കൃത്യങ്ങൾ ചെയ്തു. പതിവ് പോലെ അവളുടെ അമ്മ യശോദ പെട്ടെന്ന് തന്നെ ഭക്ഷണം പാകം ചെയ്യാൻ തുടങ്ങി. അമ്മു സ്കൂളിൽ പോകാനുള്ള ഒരുക്കങ്ങൾ ചെയ്തുതീർത്തു. പിന്നീടവൾ അമ്മ തയ്യാറാക്കിവെച്ച ഭക്ഷണം കഴിച്ച് സ്കൂളിലേക്ക് പുറപ്പെട്ടു.

സ്കൂൾ വിട്ട് അമ്മുവും തന്റെ കൂട്ടുകാരിയായ അമ്മിണിയും വീട്ടിലേക്ക് മടങ്ങി. അവർ രണ്ടുപേരും പത്താം ക്ലാസിലാണ് പഠിക്കുന്നത്. അന്ന് സ്കൂളിൽ നിന്ന് ക്രിസ്മസ് പരീക്ഷയുടെ ഉത്തരപേപ്പർ ലഭിച്ചിരുന്നു. അമ്മു തന്റെ വീട്ടിലെത്തിയ ഉടനെ അമ്മയ്ക്ക് തന്റെ മാർക്ക് പറഞ്ഞുകൊടുത്തു. നല്ല മാർക്കുള്ള തിനാൽ അമ്മയ്ക്ക് സന്തോഷമായി. അമ്മുവിനാ യിരുന്നു ക്ലാസിൽ കൂടുതൽ മാർക്ക് ലഭിച്ചത്.

അമ്മു നന്നായി പഠിക്കുന്ന കുട്ടിയായിരുന്നു. മാത്രമല്ല, അവളുടേത് നല്ല സ്വഭാവവുമായിരുന്നു. അതുകൊണ്ട് തന്നെ അമ്മുവിനെ തന്റെ സ്കൂളിലെ അധ്യാപകർക്കും നാട്ടുകാർക്കും വീട്ടുകാർക്കുമൊക്കെ വളരെയധികം ഇഷ്ടമായിരുന്നു. എങ്കിലും തന്റെ സ്കൂളിലെ പല കുട്ടികൾക്കും അവളോട് അസൂയയും ദേഷ്യവുമായിരുന്നു. പക്ഷെ അതൊന്നും തന്നെ അമ്മു കാര്യമാക്കാറില്ല. അവൾക്ക് ഒരേയൊരു ആഗ്രഹമുണ്ട്. നല്ലവണ്ണം പഠിച്ച് വിജയിച്ച് അമ്മയെയും അച്ഛനെയും സഹായിക്കുകം അവരെ സന്തോഷിപ്പിക്കുകയും ചെയ്യുക എന്നതായിരുന്നു അത്. അമ്മുവിന് കൂട്ടുകാരുടെ ഇടയിൽ ചില പ്രശ്നങ്ങളുണ്ടാവാറുണ്ടെങ്കിലും അവളത് ആരോടും പറഞ്ഞറിയിക്കാൻ തയ്യാറായിരുന്നില്ല. അമ്മുവിന്റെ മനസ്സിലുടനീളം പഠിക്കുക എന്ന ഒരു ലക്ഷ്യമായിരുന്നു.

എസ്.എസ്.എൽ.സി. പരീക്ഷ അടുത്തെത്തി. യശോദ തന്റെ മകളെ കൈവിടാതെ ശ്രദ്ധിച്ചു. അമ്മു നന്നായി പഠിച്ച് നല്ല രീതിയിൽ പരീക്ഷ എഴുതി. കുറച്ച് ദിവസത്തിനുശേഷം റിസൾട്ട് വന്നു. അമ്മുവിന് ഫുൾ 'എ പ്ലസ്'' എന്നറിഞ്ഞപ്പോൾ അവൾക്കും അവളുടെ അമ്മയ്ക്കും സന്തോഷമായി. അപ്പോഴേക്കും നാട്ടുകാരുടെയും വീട്ടുകാരുടെയും വിളികൾ തുടങ്ങി. അമ്മുവിന്റെ അമ്മ യശോദ സന്തോഷത്തോടെ തന്റെ മകളുടെ റിസൾട്ട് പറഞ്ഞുകൊടുത്തു.

നാളുകൾ കടന്നുപോയി. അമ്മു സയൻസ് പഠിച്ചുകൊണ്ടിരിക്കുകയാണ്. അവളുടെ പ്രിയപ്പെട്ട അധ്യാപിക നീതു ടീച്ചർ അമ്മുവിന് പഠനത്തിൽ നല്ല സപ്പോർട്ട് നൽകി. അങ്ങനെ പഠിച്ച് പാസായപ്പോൾ അമ്മുവിന് ഒരു ജോലി കിട്ടി. പെട്ടെന്ന് തന്നെ അവൾ ആ നാട്ടിലെ അറിയപ്പെട്ട ഡോക്ടറായി മാറി. പിന്നീട് അവളുടെ വീടിനുമുന്നിലുള്ള ആ തുരുമ്പിച്ച ഗേറ്റിനുമേൽ ഡോ. അമ്മു എന്ന പേര് എന്നന്നേക്കുമായി തെളിഞ്ഞുനിന്നു.

# മടി എന്നൊരു ചതിയൻ



മുഹമ്മദ് അദ്നാൻ എം.

അങ്ങ് ദൂരത്തുള്ളൊരു രാജ്യം. അവിടെ ഒരു വ്യക്തിയുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ജോലി കപ്പലിലുള്ള സ്ക്രൂ ടൈറ്റ് ചെയ്യലായിരുന്നു. അവന് ഭയങ്കര മടിയാണ്. ആ ഒരു ചെറിയ കാരണത്താൽ ലക്ഷക്കണക്കിന് വരുന്ന ആളുകൾ മരണമടഞ്ഞു. ഒരു കപ്പൽ നിർമ്മാണത്തിനിടയിൽ ഒരു സ്ക്രൂ ടൈറ്റ് ചെയ്യുമ്പോൾ അതിൽ ഒരു സ്ക്രൂ നിലത്ത് വീണു. അതെടുക്കാനുള്ള മടി കാരണം വേറൊരു സ്ക്രൂ എടുത്ത് ടൈറ്റ് ചെയ്തു. ആ വീണ സ്ക്രൂ ആ കപ്പലിലെ ഒരു മോട്ടോറിൽ കയറി. പിന്നീട് കപ്പൽ പണികഴിപ്പിച്ച് ഇറക്കി. ആ ഒരു കപ്പൽ യാത്രയ്ക്ക് തയ്യാറായി. ലക്ഷക്കണക്കിന് ആളുകൾ യാത്ര ചെയ്യാൻ പോയി. ഈയൊരു സ്ക്രൂ മോട്ടോർ തകരാറിലാക്കി. യാത്ര തുടങ്ങി. കടലിന്റെ മധ്യം എത്തിയപ്പോൾ മോട്ടോർ പൊട്ടിത്തെറിച്ചു. കപ്പലിൽ ദ്വാരം വന്നു. അതിൽകൂടി വെള്ളം കയറി. കപ്പൽ മുങ്ങിത്തുടങ്ങി. കപ്പലിൽ ദ്വാരം വീണത് പെട്ടെന്നായത് കൊണ്ട് ആർക്കും രക്ഷപ്പെടാൻ പറ്റിയില്ല. അതുകൊണ്ട് എല്ലാവരും മരണമടഞ്ഞു. ഒരു ചെറിയ മടി കാരണം ഇത്രയും സംഭവിച്ചു.
മടി ഒരു കൊലയാളിയാണ്.





സൈദ സാജിദ്

# അധ്വാനത്തിന്റെ പ്രതിഫലം

പണ്ട് ഒരു നാട്ടിൽ ഒരു അമ്മയും അവരുടെ രണ്ട് ആൺ മക്കളും താമസിച്ചിരുന്നു. രമേഷ് എന്നും സതീഷ് എന്നുമാണ് അവരുടെ പേര്. അവരുടെ അച്ഛൻ പത്ത് വർഷങ്ങൾക്ക് മുൻപ് മരിച്ചിരുന്നു. അതുകൊണ്ട് അമ്മ രണ്ട് മക്കളെയും വളരെ കഷ്ടപ്പെട്ടാണ് വളർത്തിയത്. പാടത്ത് കൃഷി ചെയ്താണ് അവർ ജീവിച്ചിരുന്നത്.

ഒരിക്കൽ മക്കളോട് അമ്മ പറഞ്ഞു: മക്കളേ, ഇന്ന് എനിക്ക് തീരെ വയ്യ. അതുകൊണ്ട് ഇന്ന് എനിക്ക് പാടത്ത് പോയി കൃഷി ചെയ്യാൻ സാധിക്കുകയില്ല. മക്കൾ ഇന്ന് പാടത്ത് പോയി അവിടുത്തെ കാര്യങ്ങളൊക്കെ നോക്കു.

അനിയനായ സതീഷ് നല്ല മകനായിരുന്നു. അമ്മ പറയുന്നത് എല്ലാം അവൻ അനുസരിക്കും. എന്നാൽ മൂത്തമകനായ രമേഷ് നല്ല മടിയനായിരുന്നു.



സതീഷ് അമ്മയോട് പറഞ്ഞു: ശരി അമ്മേ, അമ്മ നന്നായി വിശ്രമിക്ക്. അവിടുത്തെ കാര്യങ്ങളെല്ലാം ഞാനും ചേട്ടനും കൂടി നോക്കിക്കോളാം.

അപ്പോൾ രമേഷ് പറഞ്ഞു: പിന്നെ എനിക്കൊന്നും വയ്യ. ആ വെയിലത്ത് നിന്ന് കഷ്ടപ്പെടാൻ. നീ വേണമെങ്കിൽ ഒറ്റയ്ക്ക് പോയി കാര്യങ്ങളൊക്കെ നോക്ക്. അമ്മ പറഞ്ഞു. മോനേ, എപ്പോഴും ഞാൻ തന്നെ അല്ലെ പോകാറ്. ഇന്ന് നീയും സതീഷനും പോയിട്ട് വാ. അവന് ഒറ്റയ്ക്ക് ഇതൊന്നും സാധിക്കുകയില്ല. രമേഷ് ഒന്നും കേട്ടില്ല.

അങ്ങനെ സതീഷ് പാടത്ത് പോയി ജോലി ചെയ്തു. പഴവും പച്ചക്കറിയും എല്ലാം വിറ്റ് കാശും കൊണ്ട് വന്നു. ഒരാഴ്ച്ച സതീഷ് തന്നെയായിരുന്നു ജോലി ചെയ്തത്. അമ്മയ്ക്ക് വയ്യാത്തതു കൊണ്ട് ജോലിക്ക് പോയിട്ടില്ല. ഒരാഴ്ച്ച കഴിഞ്ഞപ്പോൾ സതീഷ് വീട്ടിലേക്ക് കാശ് കൊണ്ടുവന്നു. അമ്മയുടെ കയ്യിൽ വെച്ചുകൊടുത്തു. അമ്മയുടെ കണ്ണ് നിറഞ്ഞു.

രമേഷൻ അവനോട് അസൂയ തോന്നി. അമ്മ സതീഷിനോട് പറഞ്ഞു. ഈ കാശ് നീ തന്നെ വെച്ചോ. നീ കഷ്ടപ്പെട്ട് ഉണ്ടാക്കിയ കാശല്ലേ. അപ്പോൾ രമേഷ് വിചാരിച്ചു. ആ കാശിൽ നിന്ന് കുറച്ച് എനിക്കും കൂടി തരുമോ എന്ന്. അമ്മ പറഞ്ഞു: നീ പോയി സമ്പാദിക്ക്. മറ്റുള്ളവർ ഉണ്ടാക്കിയ കാശിൽ നിന്നും കയ്യിട്ട് വാരാൻ ശ്രമിക്കരുത്.

അധ്വാനിച്ചവർക്ക് അതിന്റെ പ്രതിഫലം
ഉറപ്പായും ലഭിക്കും.



റുബയ്യ ഇ.പി

# വിജയത്തിലേക്ക് പോകുന്ന വഴി

ഒരു ചെറിയ പ്രദേശം. കുന്നും മലയും കാടും അങ്ങനെ നല്ല ഒരു ഒന്നാന്തരം പ്രദേശം. ആ ഗ്രാമത്തിലെ ആളുകൾ നല്ല സ്നേഹത്തിലാണ് കഴിയുന്നത്. അതു പോലെ തന്നെ നല്ല ഐശ്വര്യവുമുണ്ട്. അവിടെ ഒരു കൊച്ചുവീട്ടിൽ ഒരു അച്ഛനും അമ്മയും രണ്ട് കുട്ടികളും ഉണ്ടായിരുന്നു. മകളുടെ പേരാണ് അന്ന. അവളുടെ ഏട്ടൻ അഭിനവ്. അന്ന ഒമ്പതാം ക്ലാസിലാണ്. അഭിനവ് പ്ലസ് വണ്ണിൽ ആണ്. ഇതാണ് ഇവരുടെ കുടുംബം. അമ്മയ്ക്ക് പ്രത്യേകിച്ച് ജോലിയൊന്നുമില്ല. അച്ഛന് കൂലിപ്പണിയാണ്. ഒരു ദിവസം രാവിലെ അന്ന നല്ല ഉറക്കത്തിലാണ്. നല്ല തണുപ്പായതിനാൽ കമ്പിളി പുതപ്പും മൂടി തൻ്റെ റൂമിൽ ഉറങ്ങുകയാണ് അന്ന. അമ്മ വിളിക്കാൻ തുടങ്ങി. 'അന്നേ... അന്നേ' ഈ പെണ്ണ് എപ്പോഴും ഇങ്ങനെ ഉറങ്ങിക്കൊണ്ടിരുന്നോ. അവസാനം സ്ക്കൂളിൽ പോകാൻ നേരം വൈകുമ്പോൾ തിന്നാണ്ടും കുടിക്കാണ്ടും അങ്ങട്ട് ഓടിക്കോളും. ഇങ്ങനെയുള്ള അമ്മയുടെപിറുപിറുക്കൽ കേട്ടാണ് അന്ന് രാവിലെത്തന്നെ ഉണരുന്നത്. എന്താ അമ്മേ രാവിലെത്തന്നെ എന്നും ചോദിച്ചു കൊണ്ട് അവൾ അടുക്കളയിലേക്ക് നടന്നു. അമ്മയോട് അധിക മൊന്നും തർക്കിക്കാൻ നിന്നില്ല. തർക്കിച്ചാൽ കൂടുകയേ ഉള്ളൂ എന്ന് അവൾക്ക് നന്നായി അറിയാം. അവൾ മെല്ലെ അവിടെ നിന്നും മാറി സ്കൂളിലേക്ക് പോകാനുള്ള ഒരുക്കങ്ങൾ തുടങ്ങി. അവൾ ക്ലാസിൽ ഫസ്റ്റാണ്. നല്ല പഠിക്കുന്ന കുട്ടിയാണ് അന്ന. അതുപോലെ തന്നെ ടീച്ചർമാർക്കും കുടുംബക്കാർക്കും അവളെ വലിയ കാര്യമാണ്. അങ്ങനെ അവൾ ഭക്ഷണം കഴിക്കുമ്പോഴാണ് അകലെ നിന്നും ബസ്സിൻ്റെ ഹോൺ കേൾക്കുന്നത്. അവൾ ഭക്ഷണം പോലും മര്യാദയ്ക്ക് കഴിക്കാതെ ഓടി. അമ്മ പറഞ്ഞു. അപ്പോഴേ അവളോട് പറഞ്ഞിരുന്നു. വേഗം എണീക്ക് ഒരുങ്ങാൻ.... അങ്ങനെ അമ്മ ഒന്നിലും ഗുവാം ഇല്ല. അമ്മ ഇങ്ങനെ പറഞ്ഞുകൊണ്ടി രിക്കുന്നു. അവൾ ഇപ്പോൾ സ്കൂളിലെത്തി. അവിടെ കൂട്ടുകാരെല്ലാം അവളെ കാത്തിരിക്കുകയണ്. അവൾ അവരോടൊപ്പം ക്ലാസിലേക്ക് നടന്നു. സീന ടീച്ചറെ കണ്ടു. അവൾ ഓടിച്ചെന്ന് ടീച്ചറോട് പറഞ്ഞു. ടീച്ചറെ ഗുഡ് മോർണിംഗ്. ടീച്ചറാണ് ഇവളുടെ ക്ലാസ് ടീച്ചർ സീന. സ്കൂളിൽ ബെല്ലടിച്ചു. എല്ലാവരും ക്ലാസിൽ കയറി. ഇവളുടെ കൂട്ടുകാരെല്ലാം കുറച്ച് കച്ചറയാണ്. എപ്പോഴും ഉഴപ്പി നടക്കും. അന്ന് അവർ എന്തോ തരികിട കാണിച്ചു. അതിൽ അവളൊന്നും ചെയ്തില്ലെങ്കിലും കൂടെ ഉണ്ടായിരുന്നല്ലോ. അതുകൊണ്ട് ടീച്ചർ അവളെ വഴക്ക് പറഞ്ഞു. അന്നേ... നീ അതിൽ..... ടീച്ചർ നിർത്തി. ടീച്ചർ ക്ലാസിൽ വന്ന് എല്ലാവരോടുമായി പറഞ്ഞു. പഠിക്കുന്നുണ്ടെന്ന് വിചാരിച്ച് തലയിൽ വെച്ചവരും ഇപ്പോൾ തലേൽ കയറാൻ തുടങ്ങിയല്ലോന്ന്. ടീച്ചർ ഇവളെയാണ് അങ്ങനെ പറഞ്ഞതെന്ന് അന്നയ്ക്ക് മനസ്സിലായി. അവൾക്ക് നല്ല സങ്കടം വന്നു. പക്ഷേ ആരോടും പറഞ്ഞില്ല. അവൾ വീട്ടിലെത്തി. ഏട്ടനോട് കാര്യം പറഞ്ഞു. ഏട്ടൻ പറഞ്ഞു. സാരമില്ല. എല്ലായ്പ്പോഴും നന്നായിരിക്കണം എന്നില്ല. ഇടയ്ക്ക് ഇങ്ങനെ തെറ്റുകളൊക്കെ സംഭവിക്കും എന്ന്. അവർക്ക് നല്ല സന്തോഷമായി. കാരണം എൻ്റെ വിഷമങ്ങളും സങ്കടങ്ങളുമൊക്കെ മനസ്സിലാക്കാൻ ഒരാളുണ്ടല്ലോ. എന്നുവച്ച് പിന്നെയാണ് ആ സംഭവം ഉണ്ടായത്. ഒരു പ്രശ്നം ഉണ്ടാകുമ്പോൾ എല്ലാ പ്രശ്നങ്ങളും ഒരുമിച്ച് വരുമെന്നാണല്ലോ. അതിനിടയിലാണ് എക്സാം റിസൾട്ട് വന്നത്. അതിൽ അവൾക്ക് മാർക്ക് കുറവായിരുന്നു. അപ്പോൾ പിന്നെ ടീച്ചേഴ്സൊന്നും അവളെ നോക്കാറുപോലുമില്ല. അവൾക്ക് നല്ല വിഷമം ആയി. അവൾ അപ്പോൾ ഒരു തീരുമാനം എടുത്തു. അടുത്ത തവണ ഞാൻ ആവുന്നതിലും പരിശ്രമിച്ച് മാർക്ക് വാങ്ങുമെന്ന്. പഠിപ്പുണ്ടെങ്കിലേ എല്ലാവർക്കും നമ്മെ വേണ്ടൂ എന്ന് അവൾക്ക് അപ്പോൾ മനസ്സിലായി. ഫൈനൽ എക്സാം വന്നപ്പോൾ അവൾ പ്രതീക്ഷിച്ച പോലെ അവൾക്ക് മാർക്ക് ലഭിക്കുകയും, എല്ലാവരും അഭിമാനി ക്കുകയും ചെയ്തു. ഈ കഥയിലൂടെ നമുക്ക് മനസ്സിലാക്കാം. എത്ര ഉഴപ്പുള്ള കൂട്ടുകാരുടെ കൂടെ നടന്നാലും എത്ര ഉഴപ്പിയാലും പഠിക്കാൻ ശ്രമിച്ചാൽ നമുക്ക് പഠിക്കാൻ പറ്റുമെന്ന്.



ലബീബ എച്ച്.എ

# നിശബ്ദ വിലാപം

പഴകിയ ആ കെട്ടിടത്തിൽ ഉമ്മയെ കൊണ്ടാക്കി തിരിഞ്ഞ് നടന്നപ്പോൾ റിഷാദിന്റെ മനസ്സ് ഇരുണ്ടിരുന്നു. പടിയിൽ നഴ്സിന്റെ കൈപിടിച്ച് ഉമ്മ നിശബ്ദയായി കരയുകയാണ്. മാതൃഹൃദയത്തിന്റെ വിലാപം റിഷാദിനെ അസ്വസ്ഥനാക്കി. തിരിഞ്ഞ് ഉമ്മയെ വിളിക്കാൻ കെട്ടിടത്തിലേക്ക് നടന്നപ്പോൾ ഭാര്യയുടെ വാക്കുകൾ റിഷാദിന്റെ മനസ്സിനെ കൊത്തിവലിച്ചു. "ഇന്ന് ഇതിനെ എവിടെയെങ്കിലും കൊണ്ടിടണം. എനിക്കിനി സഹിക്കാൻ കഴിയില്ല.' കഴിക്കുമ്പോൾ ഭക്ഷണമെല്ലാം വസ്ത്രത്തിലായി കിടക്കുന്ന ഉമ്മയെ നോക്കി അവൾ പറഞ്ഞു.

അവളുടെ മുഖം ഒരു ഭീകരജീവിയുടേത് പോലെയായി റിഷാദിന് തോന്നി. ദുഃഖത്തിലേക്ക് ഗിയർ വലിച്ചിട്ട് വീട്ടിലേക്ക് തിരിച്ചു. ഉമ്മ ഇപ്പോഴും പടിയിൽ നിൽക്കുന്നത് റിഷാദ് കണ്ണാടിയിലൂടെ കണ്ടു.

ഓർമ്മകൾ ഹൃദയഭിത്തിയിൽ വന്നിടിച്ച് ചിന്നിച്ചിതറി. ഉപ്പയുടെ അഭാവം അറിയിക്കാതെ എന്നെ വളർത്തി നൊന്ത് പെറ്റ പൊന്നുമ്മ. തന്നെ ഒക്കത്ത് വെച്ച് വീട്ടുജോലികൾ ചെയ്ത ഉമ്മയുടെ മുഖം മനസ്സിൽ തീക്കാറ്റായ് പെയ്തു.

മഴക്കാർ ഒരു ശോകഗാനം പോലെ ഒഴുകി. ആകാശത്ത് കരിനിഴൽ വന്നതുപോലെ... നഗരത്തിൻറെ തിക്കിലും തിരക്കിലും ഒരുപാട് ജന്മങ്ങൾ ഓടിയൊളിക്കുന്നു. ഒരു നാടോടിപ്പെണ്ണ് കുഞ്ഞിനെയും എടുത്ത് റോഡ് മുറിച്ച് കടക്കുന്നു. റിഷാദ് പെട്ടെന്ന് ബ്രേക്കിട്ടു. ഞൊടി നേരത്തെ അന്ധകാരത്തിലേക്ക് റിഷാദിനെ അത് പിടിച്ച് താഴ്ത്തി. അവളുടെ കണ്ണീരും വിയർപ്പും കലങ്ങിയ മുഖം റിഷാദിന്റെ മനസ്സിൽ ഭയം നിറച്ചു. വികാരങ്ങളില്ലാത്ത അവസ്ഥ. നാടോടി സ്ത്രീ റിഷാദിനെ ആദിയോടെ നോക്കി. ആ നോട്ടം റിഷാദിന്റെ നെഞ്ചകത്തിലേക്ക് തറിച്ചു കയറി. വൈകാരികതകൾ ഉൾക്കൊള്ളാനാകാതെ അയാളുടെ മനസ്സിൽ ശൂന്യത പടർന്നു. ഉമ്മയുടേയും ഭാര്യയുടേയും മുഖങ്ങൾ. പ്രതീക്ഷയോടെ ഉമ്മയുടെ മുഖം



റിഷാദിനെ നോക്കിയപ്പോൾ ഭാര്യയുടെ മുഖം പ്രേതത്തെപ്പോലെയായി എന്ന് റിഷാദിന് തോന്നി. ഭയവും മാതൃസ്നേഹവും മനസ്സിനെ അസ്വസ്ഥമാക്കി.

നഗരത്തിന്റെ തിരക്കിൽ നിന്നും കാർ തിരിച്ചു. ഒരുപാട് തെറി വാക്കുകളിൽ അയാൾ അറിയാതെ കടന്നുപോയി. ഹൃദയ രക്തത്തിന്റെ കൈകളാൽ സ്റ്റിയറിംഗ് നിയന്ത്രിച്ചു. വീണ്ടും ആ പഴയ കെട്ടിടത്തിലേക്ക് റിഷാദ് കാറിൽ നിന്ന് ഇറങ്ങി.

ഒരുപാട് കണ്ണുകൾ ജനലുകളിലൂടെ പ്രതീക്ഷയോടെ നോക്കുന്നു. ഉറ്റവരെ തേടുന്ന കണ്ണുകൾ. ഉമ്മയെ റിഷാദ് ചുറ്റുപാടും പരതി. അവിടെയെവിടെയും കണ്ടില്ല. 'ഞാൻ നേരത്തെ ഉമ്മയെ ഇവിടെയാക്കിയിരുന്നു. എനിക്കൊന്ന് ഉമ്മയെ കാണണം' നഴ്സിനോടുള്ള റിഷാദിന്റെ ചോദ്യത്തിനോടൊപ്പം റിഷാദിന്റെ കണ്ണുകൾ പരതിക്കൊണ്ടിരുന്നു.

നഴ്സ് റിഷാദിനെ ഒരു മുറ്റത്തേക്ക് ആനയിച്ചു. അവിടെ ഉണങ്ങിയ ഒരു റോസാപ്പൂചെടിക്ക് വെള്ളം നൽകിക്കൊണ്ടിരിക്കുന്നു തന്റെ ഉമ്മ. 'ഉമ്മാ...' റിഷാദിന്റെ വാക്കുകൾക്ക് കണ്ണീരിന്റെ മാധുര്യം ഉണ്ടായിരുന്നു.

ഉമ്മ ഒന്നും പറഞ്ഞില്ല. റിഷാദ് ഉമ്മയുടെ കൈപിടിച്ച് കാറിൽ കയറി. ദുഃഖത്തിൽ നിന്ന് സന്തോഷത്തിലേക്ക് ഗിയർ വലിച്ചിട്ടു. മനസ്സിൽ അടിഞ്ഞുകൂടിയ ആ പ്രേതത്തെ റിഷാദ് മനക്കരുത്ത് കൊണ്ട് ചുട്ടുകൊന്നു. അന്തരീക്ഷം ഇരുണ്ടിരുന്നു. മാനം കണ്ണീർ പൊഴിക്കാൻ തുടങ്ങി. കാറിന്റെ ചില്ലിൽ വന്നിടിച്ച മഴത്തുള്ളികളെ വൈപ്പർ കൊണ്ട് തുടച്ചുമാറ്റി. ഉമ്മ നിശബ്ദയായി ഇരിക്കുകയാണ്. തെളിഞ്ഞ ആ മുഖം റിഷാദിന്റെ മനസ്സിൽ പ്രകാശം പടർത്തി. കാറിൽ നിന്നും ഒരു ഗാനം ആർക്കോവേണ്ടി മൂളികൊണ്ടിരുന്നു.



മയൂഖ

# വിശപ്പ്

ഗോപു ഒരു ഗ്രാമത്തിലാണ് ജീവിച്ചിരുന്നത്. അവന്റെ അച്ഛൻ മരിച്ചു. അമ്മയ്ക്ക് പട്ടണത്തിലെ ഹോട്ടൽ വൃത്തിയാക്കലാണ് ജോലി. ഗോപുവിന്റെ വീട്ടിൽ പട്ടിണിയും ദാരിദ്ര്യവുമാണ്. പലപ്പോഴും ഹോട്ടലിൽ നിന്ന് അമ്മ കൊണ്ടുവരുന്ന എച്ചിലാണ് അവരുടെ ഭക്ഷണം. ഗോപു ഇതുവരെ പട്ടണത്തിൽ പോയിട്ടില്ല. ഒരു ദിവസം അമ്മ ജോലിക്ക് പോകുമ്പോൾ അവനെയും കൂടെ കൂട്ടി. പട്ടണത്തിൽ അവൻ കാണുന്നത് പലയിടങ്ങളിലും വലിച്ചുവാരിയിട്ടിരിക്കുന്ന ഭക്ഷണമാണ്. ഇതുകണ്ട് അവൻ അമ്മയോട് ചോദിച്ചു. ഇവിടെയുള്ളവർക്ക് വിശക്കില്ലേ അമ്മേ? നിറഞ്ഞകണ്ണുകളോടെ അമ്മ പറഞ്ഞു. ഇവർക്ക് വിശപ്പിന്റെ വിലയറിയില്ലെന്ന്. ഹോട്ടലിൽ എത്തിയപ്പോൾ അമ്മ തന്റെ ജോലിയിൽ മുഴുകി. ഗോപു




അവിടെ വരുന്നവരെയും പോകുന്നവരെയും നോക്കിയവിടെ ഇരുന്നു. അപ്പോഴാണ് ഒരാൾ



കഴിച്ചുകൊണ്ടിരിക്കുന്ന ഭക്ഷണം ചൂടില്ല, ഇതുമാറ്റിക്കൊണ്ട് വരു എന്ന് വെയിറ്ററോട് പറയുന്നത് അവൻ കേട്ടത്. അവൻ ഓടി അവരുടെ അടുത്ത് ചെന്ന് ചൂടില്ല എന്ന് പറഞ്ഞ് അദ്ദേഹം മാറ്റിവെച്ച ഭക്ഷണം ഞാൻ കഴിച്ചോട്ടെ എന്ന് ചോദിച്ചു. ഒരു നിമിഷം അയാൾ ഒന്നും മിണ്ടാതെ അവനെ നോക്കി നിന്നു. അയാൾ അറിയാതെ അയാളുടെ കണ്ണിൽ നിന്നും കണ്ണീരൊഴുകാൻ തുടങ്ങി. ഗോപുവിന്റെ തലയിൽ തലോടി അവൻ വേറെ ഭക്ഷണം വാങ്ങിച്ചുകൊടുക്കുന്നു. പിന്നീടയാൾ ഗോപുവിനോട് നീയെന്നെ വിശപ്പിന്റെ വില പഠിപ്പിച്ചു മോനേ.. കണ്ണുള്ളപ്പോൾ ആർക്കും കണ്ണിന്റെ വില തിരിച്ചറിയാനാകില്ലെന്ന് പറഞ്ഞ് അവിടെ നിന്നും പോകുന്നു. പോകുന്ന വഴിയിൽ അയാൾ ഇനി ഞാൻ ഒരിക്കലും ഭക്ഷണം പാഴാക്കില്ലെന്ന് സ്വയം ശപഥം ചെയ്തു.



സൂര്യദേവ് കെ

# സ്വപ്നക്കൂട്ടുകളിൽ ഒരു മൗനം

അന്ന് ഒരു ഞായറാഴ്ചയായിരുന്നു അന്നയുടെ ജീവിതത്തെ മാറ്റിമറിച്ചത്. കുറേ ദിവസത്തെ അസുഖ ബാധയെ തുടർന്ന് ചെക്കപ്പിന് തന്റെ കാമുകന്റെ നിർബന്ധത്താൽ ആശുപത്രി യിലേക്ക് പോകാൻ ഒരുങ്ങുകയാണ് അന്ന. ഇരുവരും ചേർന്ന് ആശുപത്രിയിൽ ഒരുമിച്ച് നടന്നു. ചെക്കപ്പിന് ശേഷം രണ്ടാഴ്ച്ച താമസിച്ചാണ് ആ ദുഃഖകരമായ വാർത്ത അവളറിഞ്ഞത്. അന്നയ്ക്ക് ക്യാൻസർ ആയിരുന്നു. ചികിത്സിച്ച് ഭേദമാക്കാൻ കഴിയില്ലായിരുന്നു. വളരെ വൈകിപ്പോയിരുന്നു. ഈ വിവരം അന്ന എല്ലാവരിൽ നിന്നും മറച്ചുവച്ചു. താൻ മരിച്ചാലുള്ള കാമുകന്റെ അവസ്ഥ ആലോചിച്ച അവൾ അവനെ തന്നിൽ നിന്നകറ്റി നിർത്താൻ തുടങ്ങി. ഒഴിവാക്കാൻ ശ്രമിച്ചു. പക്ഷെ എത്ര ശ്രമിച്ചിട്ടും അവൻ അന്നയുടെ സ്നേഹത്തെ വേണ്ടെന്നു വയ്ക്കാൻ ഒരുക്കമല്ലായിരുന്നു. അവന്റെ നിർബന്ധത്തെ തുടർന്ന് ഇരുവരും പാർക്കിൽ കണ്ടുമുട്ടി.



ഇരുവരും മൗനമായി ഇരുന്നു. കുറച്ചുനേരം കഴിഞ്ഞ് അവൾ ആ വിവരം അറിയിച്ചു. തനിക്ക് മാരകമായ അസുഖമാണെന്നും ചികിത്സിച്ച് ഭേദമാവില്ലെന്നും.... ഹൃദയം തകർക്കുന്ന വേദനയോടെ ഇരുവരും പൊട്ടിക്കരഞ്ഞു. അവന് എന്ത് പറയണമെന്ന് അറിയില്ലായിരുന്നു. അവന് അവളെ പിരിയാൻ മനസ്സില്ലായിരുന്നു. അവരുടെ പ്രണയം അഗാധമായിരുന്നു. ആ പ്രണയത്തെ തകർക്കാൻ ഒരു രോഗത്തിനും സാധ്യമല്ലായിരുന്നു. അവൻ അവളെ ചേർത്തു നിർത്തി. ആശ്വസിപ്പിച്ചു. സ്നേഹ വാക്കുകൾ പറഞ്ഞു. ഇരുവരും തീരുമാനമെടുത്തു. ജീവിക്കുകയാണെങ്കിലും മരിക്കുകയാണെങ്കിലും ഒരുമിച്ച്. രണ്ടുപേരും മരിക്കാൻ തീരുമാനിച്ചു. സായാഹ്ന സന്ധ്യയിൽ ഇരുവരും സ്വർഗ്ഗത്തിലെങ്കിലും ഒരുമിച്ച് ജീവിക്കാമെന്ന പ്രതീക്ഷയോടെ മലമുകളിലേക്ക്. അവരുടെ സ്നേഹം അവസാനിക്കുന്നില്ല.



ഫാത്തിമ ഫർവീൻ

# പുതുവർഷ സമ്മാനം


എടീ...

അമ്മൂ.. ന്യൂ ഇയർ പാർട്ടിക്ക് വരാൻ പറഞ്ഞതിന് നീ എന്തിനാ ഇങ്ങനെയിരിക്കുന്നെ.. എന്താ വരില്ലേ?' മാളു അമ്മുവിന്റെ താടിത്തുമ്പിൽ പിടിച്ചുകൊണ്ട് ചോദിച്ചു. ഇരുവരും എട്ടാം ക്ലാസ് വിദ്യാർത്ഥിനികളാണ്. അടുത്തടുത്ത വീട്ടുകാർ എന്നതിന് പുറമെ നല്ല ഉറ്റ ചങ്ങാതിമാരാണ് അവർ, മാളു നല്ല കാശുള്ള വീട്ടിൽ ആണെങ്കിൽ അമ്മു പാവപ്പെട്ട വീട്ടിലെ കുട്ടിയാണ്. കുഞ്ഞിലെ അച്ഛൻ നഷ്ടപ്പെട്ട അമ്മുവിന് അമ്മ മാത്രമേ ഉണ്ടായിരുന്നുള്ളൂ. മാളുവിന്റെ അമ്മ മറ്റ് വീടുകളിൽ ജോലിക്ക് പോയാണ് അവളെ വളർത്തിയതും പഠിപ്പിക്കുന്നതും. അതുകൊണ്ട് തന്നെ അവധി ദിവസങ്ങളിൽ അവളും അമ്മയെ സഹായിച്ചും അമ്മയുടെ പ്രയാസങ്ങൾ തിരിച്ചറിഞ്ഞും വളരെ പക്വതയോടെയാണ് വളർന്നത്. 'അമ്മൂ....' മാളു കുറച്ച് പരിഭവത്തോടെ വിളിച്ചതും അമ്മു മുഖം ഉയർത്തി നോക്കി. 'വരാം' എന്ന ഭാവത്തിൽ തലകുലുക്കി. അതോടെ മാളു ഹാപ്പിയായി. അവളെ കെട്ടിപ്പിടിച്ച് കുറുമ്പോടെ എഴുന്നേറ്റോടി. അവർ പോകുന്നതും നോക്കി ചിരിയോടെ അമ്മു പടിക്കെട്ടിൽ നിന്നും എഴുന്നേറ്റ് അകത്തേക്ക് നടന്നു.

അവളുടെ പഴയ വസ്ത്രങ്ങൾ അടുക്കിവെച്ച കുഞ്ഞു അലമാരയിലുള്ള തന്റെ വസ്ത്രങ്ങൾ തഴുകി. നാളെ പാർട്ടിക്ക് സ്‌കൂളിലെ ഫ്രണ്ട്‌സ് ഒക്കെ വരും. അവൾക്ക് ആകെ വല്ലായ്മ തോന്നി. കണ്ണ് നിറഞ്ഞുവന്നു.



പിന്നെ സ്വയം സമാധാനിച്ചു. അപ്പോഴാണ് എന്തൊക്കെയോ പറഞ്ഞുകൊണ്ട് അവളുടെ അമ്മ അകത്തേക്ക് കയറി വന്നത്. അവൾ പെട്ടെന്ന് കണ്ണ് തുടച്ച് മുഖത്ത് ഒരു ചിരി വരുത്തി. അമ്മയെ നോക്കി. അമ്മയുടെ ക്ഷീണിച്ച മുഖത്ത് വാത്സല്യവും സ്നേഹവും നിറഞ്ഞു. മകളെ അടുത്ത് വിളിച്ചുവരുത്തി കയ്യിലെ കവർ അവൾക്ക് കൊടുത്തു. അമ്മു ചോദ്യഭാവത്തിൽ അമ്മയെ നോക്കി. "മാളുവിന്റെ അമ്മ ഏൽപ്പിച്ചതാണ്. നിനക്ക് തരാൻ.' പുതുവർഷം തുടങ്ങുവല്ലേ. മാളുവിന് ഡ്രസ് എടുക്കാൻ പോയപ്പോൾ അമ്മുവിനും വാങ്ങണമെന്ന് അവൾ പറഞ്ഞത് പോലും... അവരും അതിനോട് യോജിച്ചു. അവരുടെ വക നിനക്കൊരു പുതുവർഷ സമ്മാനം. എന്നാ പറഞ്ഞേ... അമ്മ പറഞ്ഞുനിർത്തി. അമ്മു സന്തോഷത്തോടെ ആ കവർ തുറന്ന് നോക്കി. അവളുടെ ഇഷ്ടപ്പെട്ട നിറമായ ചുവന്ന നിറത്തിലൊരു ഡ്രസ് ആയിരുന്നു അത്. സന്തോഷത്താൽ അമ്മുവിന്റെ കണ്ണ് നിറഞ്ഞു.



ഷഹാന ഷെറിൻ

# വിവേചനം

**ബേ**പ്പൂർ എന്ന ഗ്രാമത്തിലെ സത്യസന്ധയായ പെൺകുട്ടിയായിരുന്നു ശ്രേത. അവൾ അഞ്ചാം ക്ലാസിൽ പഠിക്കുന്നു. അവൾ എല്ലാവരോടും സ്നേഹത്തോടെയും ദയയോടെയും സംസാരിക്കും. പക്ഷെ അവളോട് ആരും സംസാരിക്കാറില്ല. കാരണം അവളുടെ നിറം കറുത്തതായിരുന്നു. അവൾ കറുത്തതായതുകൊണ്ട് സ്കൂളിലെ മിക്കയാൾക്കാർക്കും അവളെ ഇഷ്ടമല്ല.

ഒരു ദിവസം അവൾ ബെഞ്ചിൽ ഇരിക്കുകയായിരുന്നു. അന്നൊരു സംഭവം നടന്നു. അടുത്തിരിക്കുന്ന ഒരു കുട്ടി അവളോട് മാറി ഇരിക്കാൻ ആവശ്യപ്പെട്ടു. അത് അവളെ വല്ലാതെ വേദനിപ്പിച്ചു.

അങ്ങനെയിരിക്കെ സ്വാതന്ത്ര്യദിനം വന്നെത്തി. എല്ലാവരും പരിപാടിയിൽ പങ്കെടുക്കാൻ ഹെഡ്മാസ്റ്റർ പറഞ്ഞു. എല്ലാവരും പങ്കെടുക്കണം എന്ന് പറഞ്ഞപ്പോൾ ശ്രേതയ്ക്ക് ഒത്തിരി സന്തോഷമായി. അവൾ അടുത്തദിവസം ക്ലാസ്ടീച്ചറുടെ അടുത്ത് ചെന്ന് പറഞ്ഞു. ടീച്ചർ ആഗസ്റ്റ് 15 ന്റെ പരിപാടിയിൽ ഞാൻ ഡാൻസ് ഗ്രൂപ്പിൽ നിന്നോട്ടെ. ഡാൻസിനൊക്കെ ആളായി. ടീച്ചർ അതും പറഞ്ഞ് ഒഴിഞ്ഞുമാറി.



അന്ന് വളരെ വിഷമത്തോടെ അവൾ വീട്ടിലെത്തി അമ്മയോട് സങ്കടം പറഞ്ഞു. എന്റെ മോളേ.. നീ എന്തിനാ ഇങ്ങനെ വിഷമിക്കുന്നത്. നിനക്കൊരു കാര്യമറിയോ കൃഷ്ണനും കറുത്തതായിരുന്നു. അദ്ദേഹത്തെയും എല്ലാവരും കളിയാക്കുമായിരുന്നു. അദ്ദേഹം അതൊന്നും കേൾക്കാറില്ല. അദ്ദേഹം മറ്റുള്ളവരെ നല്ല രീതിയിൽ സഹായിക്കുകയും നന്മ ചെയ്യുകയും ചെയ്തു. അതുകൊണ്ടാണ് കൃഷ്ണൻ ഒരു ദൈവമായി മാറുകയും എല്ലാവരും അദ്ദേഹത്തെ ആരാധിക്കുകയും ചെയ്യുന്നത്. ആ ദൈവത്തിന് നിറം ഒരു പ്രശ്നമല്ല. നമ്മൾ ചെയ്യുന്ന നല്ല പ്രവൃത്തിയാണ് നമ്മുടെ മനസ്സിന്റെ നിറം നിർണയിക്കുന്നത്. ഇങ്ങനെയൊക്കെ പറഞ്ഞ് അമ്മ അവളെ ആശ്വസിപ്പിച്ചു. നിന്റെ നിറം നീ നിന്റെ ആയുധമാക്കണം എന്ന അമ്മയുടെ ഉപദേശം അവളെ പുതിയൊരു വ്യക്തിയാക്കി മാറ്റി. അവൾ വ്യക്തിഗത ഇനമായ പ്രസംഗത്തിലും പാട്ടിലും കഥാരചനയിലും മത്സരിക്കുകയും ഒന്നാംസ്ഥാനം ലഭിക്കുകയും ചെയ്തു. ഇന്നവൾ വലിയൊരു കഥാകാരിയായി ആ സ്കൂളിലെ കലോത്സവത്തിന്റെ ഉദ്ഘാടകയായി മാറി.

# *The end*

**THANK YOU**